# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പെരുവന്താനം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.2-238 /2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 17/04/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പെരുവന്താനം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പെരുവന്താനം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരുവന്താനം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.2-238 /2023 തീയ്യതി: 17/04/2023

## ഇടുക്കി ജില്ലയിലെ പെരുവന്താനം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ പെരുവന്താനം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 05-07-2022 മുതൽ 13-02-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 8 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ അനിൽ മാത്യു ഐപ്പ് | ഡെപ്യൂട്ടി ഡയറക്ടർ | 13-02-2023 | 17-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 13-02-2023 | 17-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. വി. ജി. സജിമോൻ, ഓഡിറ്റ് ഓഫീസർ
ശ്രീ. എം. എസ്. രാജീവ്, ഓഡിറ്റ് ഓഫീസർ
ശ്രീമതി അനിറ്റ പി. സാമുവൽ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ. പി. കെ. വിഷ്ണു, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി മായ കൃഷ്ണൻ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി ഡോമിന സജി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. വിനോദ് ബി. | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഡോ ജിക്കുമോൻ ആർ | മെഡിക്കൽ ഓഫീസർ, FHC | 01-04-2021 | 31-03-2022 |
| ഡോ വിബീഷ ഇ | മെഡിക്കൽ ഓഫീസർ, (ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ ഹരിമോഹൻ സി എം | മെഡിക്കൽ ഓഫീസർ, (ആയുർവേദം) | 01-04-2021 | 31-03-2022 |
| ശ്രീമതി വി സുന്ദരി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീ ഡി കെ ദിനേഷ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ റോയ് മോൻ മാത്യൂ | ഹെഡ് മാസ്റ്റർ(യു പി എസ്) | 01-04-2021 | 31-03-2022 |
| ശ്രീമതി പൊന്നമ്മ എ എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി ഷിംജ ബഷീർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി സ്നേഹമോൾ സേവ്യർ | കൃഷി ഓഫീസർ | 01-04-2021 | 22-09-2021 |
| ശ്രീ. സജോമോൻ ജോസഫ് | കൃഷി ഓഫീസർ | 23-09-2021 | 06-01-2022 |
| ശ്രീ. സജിമോൻ കെ. വി. | കൃഷി ഓഫീസർ | 07-01-2022 | 31-03-2022 |
| ഡോ ജോസ് ഇ. ഫിലിപ്പ് | വെറ്ററിനറി സർജൻ | 01-04-2021 | 28-11-2021 |
| ഡോ അനിൽ കുമാർ | വെറ്ററിനറി സർജൻ | 29-11-2021 | 31-03-2022 |
| ശ്രീമതി രേണു പി. ആർ. | വി. ഇ. ഒ. | 01-04-2021 | 31-10-2021 |
| ശ്രീ. ജിൻഷാദ് ഹസ്സൻ | വി. ഇ. ഒ. | 01-11-2021 | 31-03-2022 |

ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം | 1-3 |
| 4 | പദ്ധതി അവലോകനം | 1-4 |
| 5 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 6 | ക്ഷേമ പദ്ധതികൾ | 1-6 |
| 7 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 8 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-8 |
| 9 | വാർഷിക കണക്കിലെ അപാകതകൾ | 1-9 |
| 10 | കളക്ഷൻ കൺട്രോൾ അക്കൗണ്ടിൽ തുകകൾ ശേഷിക്കുന്നു | 1-9-1 |
| 11 | ഓൺലൈൻ പണമിടപാട് - കണക്കുകളിൽ അവ്യക്തത | 1-9-2 |
| 12 | തിരികെ ഈടാക്കിയ സാമൂഹ്യ സുരക്ഷ പെൻഷൻ തുക സർക്കാരിലേക്ക് ഒടുക്കിയില്ല | 1-10 |
| 13 | വെട്ടിയിട്ട തടി ലേലം ചെയ്യാത്തതിനാൽ വരുമാന നഷ്ടം | 1-11 |
| 14 | ആശുപത്രി ക്വാർട്ടേഴ്സ് വാടക തനത് ഫണ്ടിൽ ഒടുക്കുന്നില്ല | 1-12 |
| 15 | ലൈഫ് ഭവന പദ്ധതി - ഹഡ്കോ വായ്പ - സംസ്ഥാന സർക്കാർ - ബ്ലോക്ക് വിഹിതങ്ങളുടെ ചെലവ് വിവരം സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-13 |
| 16 | സാമൂഹ്യ സുരക്ഷാ പെൻഷൻ – സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ അലംഭാവം | 1-14 |
| 17 | വാർദ്ധക്യകാല പെൻഷൻ - അപേക്ഷ നിരസിക്കപ്പെട്ട വ്യക്തിക്ക് ഒരു വർഷമായി പെൻഷൻ അനുവദിക്കുന്നു. | 1-15 |
| 18 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - ഒരേ വ്യക്തികൾക്ക് ഒന്നിലധികം ഗ്രാമപഞ്ചായത്തുകളിൽ നിന്ന് ധനസഹായം അനുവദിച്ചു - ₹36,327/- നിരാകരിക്കുന്നു | 1-16 |
| 19 | ഗ്രാമപഞ്ചായത്തിൽ സേവനമനുഷ്ഠിക്കാത്ത കാലയളവിലെ ക്ഷാമബത്ത കുടിശ്ശിക പഞ്ചായത്ത് ഫണ്ടിൽ നിന്ന് ഒടുക്കി | 1-17 |
| 20 | നിക്ഷേപ പ്രവൃത്തികൾ - പൂർത്തീകരണ വിശദാംശങ്ങൾ ലഭ്യമല്ല | 1-18 |
| 21 | ശബരിമല ഉത്സവകാലത്തോടനുബന്ധിച്ച് തെരുവ് വിളക്ക് സ്ഥാപിക്കൽ - സർക്കാർ അനുവദിച്ച സ്പെഷ്യൽ ഫണ്ട് നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ചു | 1-19 |
| 22 | ഗ്രാമപഞ്ചായത്ത് കാര്യാലയത്തിന് കമ്പ്യൂട്ടർ വാങ്ങൽ - നടപടി ക്രമങ്ങൾ പാലിച്ചില്ല | 1-20 |

| | | |
|---|---|---|
| 23 | കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാധ്യതയില്ലാത്ത തുക തിരികെ ഒടുക്കിയില്ല | 1-21 |
| 24 | ഇ-ടെൻഡർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീ പഞ്ചായത്ത് അക്കൗണ്ടിൽ ലഭിച്ചിട്ടില്ല | 1-22 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ലാത്ത വ്യക്തികൾക്ക് ആനുകൂല്യം അനുവദിച്ചു - ₹36,327/- നിരാകരിക്കുന്നു | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് നല്കിയ തുകകൾ | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനാവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

22.02.2021 തീയതിയിലെ 1-1 തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 2022-23 വാർഷിക ബജറ്റിനോടൊപ്പം 30.03.2022 തീയതിയിലെ 1-1 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. പരിഷ്കരിച്ച ബജറ്റ് വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | ₹-14567143 |
| വരവ് | ₹12620026 |
| ആകെ | ₹113727693 |
| ചെലവ് | ₹153770456 |
| നീക്കിയിരിപ്പ് | ₹-40042763 |

ബജറ്റ് തയ്യാറാക്കൽ സംബന്ധിച്ച് നിലവിലുള്ള ചട്ടങ്ങൾ, മാർഗ്ഗനിർദ്ദേശങ്ങൾ ഇവ പാലിക്കാതെയാണ് ബജറ്റിന് രൂപം നൽകി വരുന്നത് എന്നതിനാലാണ് മുന്നിരിപ്പ്-നീക്കിയിരിപ്പ് തുകകൾ നെഗറ്റീവ് സംഖ്യ വരാനിടയായിട്ടുള്ളത്. ഭാവിയിൽ ബജറ്റ് ക്രമപ്രകാരമായിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2022 | 25.08.2022 | | |

### 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് (₹) | അലോട്ട്മെന്റ്/ വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ്/ (₹) | കുറിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-പൊതുവിഭാഗം | 0 | 17798137 | 17798137 | 16649915 | | |
| വികസന ഫണ്ട്-എസ്.സി.പി. | 0 | 3913768 | 3913768 | 3644446 | | |
| വികസന ഫണ്ട്-ടി.എസ്.പി. | 0 | 1176888 | 1176888 | 1069067 | | |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 0 | 3886943 | 3886943 | 3516746 | 370197 | |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 7616843 | 7616843 | 4518830 | 3098013 | |
| സംരക്ഷണ ഗ്രാന്റ് – റോഡ് | 0 | 14526034 | 14526034 | 12511928 | | |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് – റോഡിതരം | 0 | 5700991 | 5700991 | 3516781 | | |
| സമ്പൂർണ്ണ ശുചിത്വം | 944369 | 0 | 944369 | 0 | 944369 | |
| ടി.എസ്.പി. – കേന്ദ്ര ധന സഹായം | 750219 | 0 | 750219 | 0 | 750219 | |
| സാക്ഷരത | 73236 | 1998 | 75234 | 0 | 75234 | |
| ശുചിത്വ മിഷൻ | 4244829 | 0 | 4244829 | 735000 | 3509829 | |
| ഐ.സി.ഡി.എസ്. | 440156 | 556732 | 996888 | 234550 | 762338 | |

1-3-1) ഗ്രാന്റ് സ്റ്റേറ്റ്മെന്റ് അപാകങ്ങൾ

വിവിധ ഫണ്ടുകളുടെ വിഹിതം അനുവദിച്ച വേളയിൽ ചുവടെ കൊടുത്തിരിക്കുന്ന തുകകൾ സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്തിട്ടുണ്ട്. എന്നാൽ, ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവ് വിശദാംശങ്ങൾ ചേർത്തിട്ടില്ല.

| ഫണ്ട് | ആകെ വിഹിതം (₹) | ലൈഫ് ലോൺ (₹) | അംഗൻവാടി ഹോണറേറിയം (₹) | അക്കൗണ്ട് ചെയ്ത ഫണ്ട് (₹) |
|---|---|---|---|---|
| വികസന ഫണ്ട് – (ജനറൽ) | 17798137 | 2742668 | 1576800 | 13478669 |
| വികസന ഫണ്ട് – (SCSP) | 3913768 | 410666 | 0 | 3503102 |
| വികസന ഫണ്ട് – (TSP) | 1176888 | 146667 | 0 | 1030221 |

1-3-2) റോഡിതര മെയിന്റനൻസ് ഫണ്ട് ചെലവ് 61.68 ശതമാനം

റോഡിതര മെയിന്റനൻസ് ഫണ്ട് വിഹിതമായ ₹57,00,991/-ൽ 2021-22 സാമ്പത്തിക വർഷം ₹35,16,781/- ചെലവഴിച്ചിട്ടുണ്ട്. 15.07.2021ലെ സ.ഉ(കൈ)നം.79/2021/ധന. പ്രകാരം 2021-22 സാമ്പത്തിക വർഷം അനുവദിച്ച വികസന ഫണ്ട് 80 ശതമാനത്തിൽ കുറയാതെ ചെലവഴിക്കാത്തപക്ഷം അനുവദിച്ച തുകയുടെ പരമാവധി 20 ശതമാനം വരെ മാത്രമേ അടുത്ത സാമ്പത്തിക വർഷത്തേക്ക് ക്യാരി ഓവർ ചെയ്യുകയുള്ളൂ. അതിനാൽ, ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹10,44,012/- ലാപ്സായി.

| അലോട്ട്മെന്റ് ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ | ചെലവ് ശതമാനം | 2022-23ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക ₹ | ലാപ്സായ തുക ₹ |
|---|---|---|---|---|---|
| 57,00,991- | 35,16,781- | 21,84,210- | 61.68 | 11,40,198- | 10,44,012- |

1-4 പദ്ധതി അവലോകനം

2021-22 സാമ്പത്തിക വർഷം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ച എണ്ണം | പദ്ധതി അടങ്കൽ | നടപ്പാക്കിയത്/എണ്ണം | പദ്ധതി ചെലവ് | നടപ്പാക്കാത്തവ/എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ |
|---|---|---|---|---|---|

| | | | | | ശതമാനം |
|---|---|---|---|---|---|
| 170 | 81193638 | 123 | 46658589 | 47 | 72% |

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം | അടങ്കൽ (₹) | ചെലവ് (₹) | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 5 | 3 | 60 | 2200000 | 1570190 | 71 |
| 2 | വെറ്ററിനറി സർജൻ | 8 | 6 | 75 | 3854933 | 1618790 | 42 |
| 3 | മെഡിക്കൽ ഓഫീസർ – എഫ്.എച്ച്.സി. | 5 | 5 | 100 | 1014000 | 1009633 | 100 |
| 4 | ഹെഡ് മാസ്റ്റർ, ഗവ.എൽ.പി.എസ്. | 2 | 2 | 100 | 370000 | 324740 | 88 |
| 5 | മെഡിക്കൽ ഓഫീസർ – ആയുർവ്വേദം | 1 | 1 | 100 | 1200000 | 1200000 | 100 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 14 | 9 | 64 | 14382850 | 4543317 | 32 |
| 7 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 9 | 7 | 78 | 6929987 | 5077237 | 73 |
| 8 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 100 | 800000 | 800000 | 100 |
| 9 | സെക്രട്ടറി | 46 | 35 | 76 | 13880931 | 10781999 | 78 |
| 10 | അസിസ്റ്റന്റ് എഞ്ചിനീയർ | 76 | 51 | 67 | 35865274 | 19037020 | 53 |
| 11 | അസി. സെക്രട്ടറി | 2 | 2 | 100 | 495663 | 495663 | 100 |
| 12 | മെഡിക്കൽ ഓഫീസർ – ഹോമിയോ | 1 | 1 | 100 | 200000 | 200000 | 100 |
| | | 170 | 123 | 72 | 81193638 | 46658589 | 57.16 |

8.12 കോടി വകയിരുത്തി 170 പ്രോജക്ടുകൾ ആവിഷ്കരിച്ചതിൽ 4.67 കോടിയുടെ 123 പ്രോജക്ടുകൾ മാത്രമാണ് പൂർത്തിയാക്കാനായത്. 72 ശതമാനം പ്രോജക്ടുകളിലായി 57 ശതമാനം തുക ചെലവഴിച്ചിട്ടുണ്ട്.

## 1-5 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതി കണക്കുകൾ യാഥാർത്ഥ്യവുമായി പൊരുത്തപ്പെടാത്ത സംഖ്യകളാണ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നത് എന്നതിനാൽ ക്യാഷ്ബുക്ക് പ്രകാരമുള്ള യഥാർത്ഥ കണക്ക് താഴെ കൊടുക്കുന്നു.

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 15602 | 2362636 | 2378238 | 2376397 | 1841 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 36155312 | 36155312 | 36155312 | 0 |
| സാധനങ്ങളുടെ വില | | 9686000 | 9686000 | 9686000 | 0 |

കൃത്യമായ അക്കൗണ്ടിങ് ക്രമീകരണങ്ങൾ നടത്താത്തതിനാൽ ഉണ്ടായിട്ടുള്ള മേൽ അപാകത ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

### 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 1993600 | 113 |
| വിധവ പെൻഷൻ | 8659500 | 469 |
| വാർദ്ധക്യകാല പെൻഷൻ | 37506700 | 2062 |
| വികലാംഗ പെൻഷൻ | 2892900 | 153 |
| അൻപത് വയസ്സിന് മുകളിൽ പ്രായമായ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 647800 | 35 |

### 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.02.2023ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹3,460/- (മൂവായിരത്തി നാനൂറ്റി അറുപത് രൂപ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

### 1-8 ആഭ്യന്തര നിയന്ത്രണ സംവിധാനം

പഞ്ചായത്ത് കാര്യാലയത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവായി വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന വിഷയങ്ങൾ ചുവടെ ക്രോഡീകരിക്കുന്നു.

- ജീവനക്കാരുടെ ചുമതലകൾ യഥാസമയം ഓഫീസ് ഉത്തരവുകൾ മുഖേന വിഭജിച്ച് നൽകുന്നു.
- കണക്കുകളും രേഖകളും തയ്യാറാക്കി സൂക്ഷിക്കുന്നതിൽ നിഷ്കർഷ പുലർത്തിയിട്ടുണ്ട്.
- വളരെ ദുർബലമായ സാമ്പത്തിക നിലയാണ് ഗ്രാമപഞ്ചായത്തിനുള്ളത്. തൻവർഷത്തെ ധനക്കമ്മി 25 ലക്ഷം രൂപയാണ്.
- വരവിനങ്ങളുടെ പിരിവിൽ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെങ്കിലും മുൻവർഷ കുടിശ്ശിക ശേഷിക്കുന്നത് സർക്കാർ ഗ്രാന്റിൽ കുറവ് വരുത്തുന്നതിന് സാധ്യത കൂട്ടുന്നു.
- സാമ്പത്തിക അച്ചടക്കം പാലിച്ച് ചെലവുകൾ നടത്താൻ ശ്രദ്ധിച്ചിട്ടുണ്ട്.

- സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി, കോവിഡ് മഹാമാരി തുടങ്ങിയ കാരണങ്ങളാൽ വാർഷിക പദ്ധതി നടത്തിപ്പിൽ വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞില്ല.
- സ്പിൽ ഓവർ പ്രോജക്ടുകളുടെ എണ്ണം ഓരോ വർഷവും വർദ്ധിക്കുന്നത് നൂതന പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനുള്ള സാധ്യതകളെ ദോഷകരമായി ബാധിക്കുന്നുണ്ട്.
- ജനകീയാസൂത്രണത്തിന്റെ 25-ാം വാർഷിക വേളയിലും പദ്ധതി നിർവ്വഹണത്തിൽ വേണ്ടത്ര പുരോഗതി കൈവരിച്ചിട്ടില്ല. ഉദാഹരണങ്ങൾ ഈ റിപ്പോർട്ടിൽ അന്യത്ര ചേർത്തിട്ടുള്ളത് കാണുക.
- സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്നതിലും പെൻഷൻ വിതരണത്തിലും ഒട്ടേറെ അപാകതകൾ നിലനിൽക്കുന്നു.

പരാമർശിത അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കേണ്ടതാണ്.

## 1-9 വാർഷിക കണക്കിലെ അപാകതകൾ

1) ബി-4 ഷെഡ്യൂളിൽ വിവിധ ഫണ്ടിനങ്ങളുടെ നീക്കിയിരിപ്പായി ആകെ ₹1,15,89,202/- ഉള്ളപ്പോൾ ബി-17 ഷെഡ്യൂൾ പ്രകാരം ക്യാഷ് ബാങ്ക് ബാലൻസുകളുടെ ആകെ തുക ₹70,55,333/- മാത്രമാണ്.

2) ജേണൽ എൻട്രി വഴി മുൻ വർഷത്തെ നീക്കിയിരിപ്പിൽ ക്രമീകരണങ്ങൾ നടത്തിയതായി ലെഡ്ജറുകളിൽ ചേർത്തിട്ടുണ്ടെങ്കിലും ആയതിന്റെ കാരണം വ്യക്തമാക്കുന്ന കുറിപ്പുകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുകയോ അനുബന്ധ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. കൃത്യമായ കണക്കുകൾ ലഭ്യമാക്കേണ്ടതാണ്.

3) ബി-17 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ വിവിധ ബാങ്ക്, ട്രഷറി അക്കൗണ്ടുകളുമായി ബന്ധപ്പെട്ട പ്രതിമാസ, വർഷാന്ത്യ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

4) തനത് ഫണ്ടിൽ നിന്നും മറ്റ് സ്രോതസ്സുകളിൽ നിന്നുമുള്ള ചെലവുകൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തുന്നില്ല. പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ എല്ലാ സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ടിനങ്ങളും ഉൾപ്പെടുത്താനും ചെലവുകൾ കൃത്യമായി രേഖപ്പെടുത്താനും ശ്രദ്ധിക്കേണ്ടതാണ്.

5) താഴെ കൊടുത്തിട്ടുള്ള ഇനങ്ങളുടെ 2020-21ലെ ഷെഡ്യൂൾ B-11 പ്രകാരമുള്ള Accumalated Depreciation സംഖ്യകളോടുകൂടി 2021-22ലെ ഷെഡ്യൂൾ I 17(a) - യിലെ Depreciation കൂട്ടിയാൽ 2021-22ലെ ഷെഡ്യൂൾ B-11-ൽ രേഖപ്പെടുത്തിയിട്ടുള്ള Accumalated Depreciation ലഭിക്കുന്നില്ല. Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ (Rate Of Depreciation, Book Value Of Asset, Life Time Of Asset Etc.,) ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | ശീർഷകം | ഇനം |
|---|---|---|

| | | |
|---|---|---|
| 1 | 416100101 | Buildings |
| 2 | 416100102 | Roads And Bridges |

1-9-1 കളക്ഷൻ കൺട്രോൾ അക്കൗണ്ടിൽ തുകകൾ ശേഷിക്കുന്നു

ILGMS സോഫ്റ്റ് വെയർ മുഖേനയുള്ള അക്കൗണ്ടിംഗ് ക്രമീകരണങ്ങളനുസരിച്ച് ഔട്ട്ഡോർ കളക്ഷനായി വരുന്ന തുകകൾ അതത് ദിവസം ഔട്ട്ഡോർ കളക്ഷൻ സ്റ്റാഫിന്റെ പേരിൽ രേഖപ്പെടുത്തുകയും ശേഷം ഡീറ്റെയിൽഡ് രസീതായി അതേ ദിവസം പോസ്റ്റ് ചെയ്യുകയും ചെയ്യുന്നു. ഇങ്ങനെ ചെയ്യുമ്പോൾ ഔട്ട്ഡോർ കളക്ഷൻ സ്റ്റാഫിന്റെ പേരിൽ ആദ്യം രേഖപ്പെടുത്തിയ രസീത് ക്യാൻസൽ ആകുകയും ആയത് അതത് ഇനങ്ങളിലേക്കു പോസ്റ്റ് ചെയ്യപ്പെടുകയും ചെയ്യുന്നു. എന്നാൽ ചുവടെ ചേർക്കുന്ന വരവ് തുകകൾ പ്രസ്തുത വ്യവസ്ഥയ്ക്ക് വിരുദ്ധമായി "ഔട്ട്ഡോർ കളക്ഷൻ" എന്ന പേരിൽ നിലവിലും ILGMS -ൽ തുടരുകയാണ്.

| ക്രമ നം. | തീയതി | രസീത് നം. | തുക ₹ |
|---|---|---|---|
| 1 | 25-11-2022 | 1220101682 | 21140 |
| 2 | 30-11-2022 | 1220101737 | 12080 |
| 3 | 07-12-2022 | 1220101773 | 3020 |
| 4 | 12-12-2022 | 1220101791 | 1510 |
| 5 | 04-01-2023 | 1220101901 | 24110 |
| 6 | 19-01-2023 | 1220102013 | 536 |
| | ആകെ | | 62396 |

പ്രസ്തുത തുകകൾ അതത് ഇനങ്ങളിലേക്കു യഥാസമയം പോസ്റ്റ് ചെയ്യാതെ കളക്ഷൻ കൺട്രോൾ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.9/തീ. 15-02-2023-ന് രേഖാമൂലം മറുപടി ലഭ്യമാക്കിയില്ല. ശബരിമല ഉത്സവകാലത്തെ താത്ക്കാലിക വ്യാപാര സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസ് ഇനത്തിൽ പിരിച്ച തുകയാണ് ഇതെന്നും അവ രേഖപ്പെടുത്താൻ കണക്ക് ശീർഷകം നിലവില്ലാത്തതിനാലാണ് തുക പോസ്റ്റ് ചെയ്യാതിരുന്നതെന്നും അധികൃതർ വിശദീകരിക്കുകയുണ്ടായി. ടി തുകകൾക്ക് ഉചിതമായ കണക്ക് എന്ന ശീർഷകം ചേർത്ത് പ്രസ്തുത ശീർഷകത്തിൽ പോസ്റ്റ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

1-9-2 ഓൺലൈൻ പണമിടപാട് - കണക്കുകളിൽ അവ്യക്തത

ഓൺലൈൻ സംവിധാനത്തിൽ വിവിധ ആവശ്യങ്ങൾക്ക് പഞ്ചായത്തിൽ ഒടുക്കുന്ന തുകകൾ സ്വീകരിക്കുന്നതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ മുണ്ടക്കയം ശാഖയിൽ ഒരു കറന്റ് അക്കൗണ്ട് (നം. 37442354192) നിലവിലുണ്ട്. ഇപ്രകാരമുള്ള തുകകൾ പ്രാഥമികമായി IKM E-payment Gateway-യിൽ

ലോഡ്ജ് ചെയ്തശേഷം നേരിട്ട് പ്രസ്തുത അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യപ്പെടുന്നു. വസ്തു നികുതി, ലൈസൻസ് ഫീസ്, സിവിൽ രജിസ്ട്രേഷൻ, പെർമിറ്റ് തുടങ്ങിയ ഇനങ്ങളിലാണ് തുകകൾ ഒടുക്കപ്പെടുന്നത്. എന്നാൽ ഒടുക്കപ്പെടുന്ന തുകകളുടെ ഇനം, അവയുടെ തൻവർഷ/കുടിശ്ശിക/മുൻകൂർ ഇനങ്ങളിലുള്ള വർഗ്ഗീകരണം, പിഴപ്പലിശ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ IKM ലഭ്യമാക്കാത്തതിനാൽ വരവുകളുടെ കൃത്യതയും ആധികാരികതയും പരിശോധിച്ച് ഉറപ്പാക്കുന്നതിൽ വലിയ വെല്ലുവിളി നേരിടുന്നു. തുകകൾ തിരിച്ചറിയാൻ കഴിയാത്ത സാഹചര്യം ബാങ്ക് റിക്കൺസിലിയേഷൻ പ്രക്രിയ ഏറെ സങ്കീർണമാക്കുന്നു. വസ്തു നികുതി വിവരങ്ങൾ ശേഖരിച്ചിട്ടുള്ള സഞ്ചയ സോഫ്റ്റ് വെയറിൽ പ്രസ്തുത തുകകൾക്ക് രസീത് നമ്പർ ജനറേറ്റ് ചെയ്യുന്നതിനാൽ ആയത് പ്രകാരം തുടർ നടപടികൾ സ്വീകരിക്കുന്നുണ്ട്. എന്നാൽ ടി തുക ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് വന്നുവെന്ന് ഉറപ്പാക്കാനാവശ്യമായ സംവിധാനം സഞ്ചയയിൽ ലഭ്യമല്ല. മറ്റ് വരവുകളുടെ കൃത്യതയും ആധികാരികതയും ഉറപ്പ് വരുത്താനാവാത്തതിനാൽ ഇവയുടെ DCB കണക്കുകൾ നിർണ്ണയിക്കുന്നതിലും പ്രതിസന്ധി നേരിടുന്നു. ഓൺലൈനായി സാമ്പത്തിക വർഷാവസാനം (മാർച്ച് 31-നകം) ഒടുക്കുന്ന തുകകൾ പലതും IKM പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് അടുത്ത സാമ്പത്തിക വർഷമാണ് ക്രെഡിറ്റ് ചെയ്യുന്നത്. കൃത്യവും കാലികവുമായി വിവരങ്ങൾ ലഭിക്കാത്തതിനാൽ യഥാർത്ഥത്തിൽ നികുതിദായകൻ സാമ്പത്തിക വർഷത്തിനുള്ളിൽ ഒടുക്കിയ തുകകൾ പോലും ധനകാര്യ പത്രികയിൽ കുടിശ്ശികയായി ചേർക്കേണ്ടി വരുന്ന സാഹചര്യവും നില നിൽക്കുന്നു. കണക്കുകളുടെ സുതാര്യതയ്ക്ക് ഭംഗം വരുത്തുന്ന സോഫ്റ്റ് വെയർ പിഴവ് IKM സർക്കാർ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-10 തിരികെ ഈടാക്കിയ സാമൂഹ്യ സുരക്ഷ പെൻഷൻ തുക സർക്കാരിലേക്ക് ഒടുക്കിയില്ല

സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റിയ ശ്രീമതി ഐഷ ബീവി, പാറക്കൽ എന്ന ഗുണഭോക്താവിന്റെ അനന്തരാവകാശികളിൽ നിന്നും പ്രസ്തുത തുക (₹51,233/-) റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കി 01-02-2023ലെ 1220102105 നമ്പർ രസീത് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് ഒടുക്കിയിട്ടുണ്ട്. ടി തുകയുടെ യഥാവിധിയുള്ള ക്രമീകരണ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 4/തീ. 14-02-2023) സമർപ്പിച്ച മറുപടിയിൽ, തുക സർക്കാരിലേക്ക് ഒടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ടി തുക നിശ്ചിത ശീർഷകത്തിൽ ഒടുക്കി ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

### 1-11 വെട്ടിയിട്ട തടി ലേലം ചെയ്യാത്തതിനാൽ വരുമാന നഷ്ടം

പെരുവന്താനം ഗവ. യു. പി. സ്കൂൾ കോമ്പൗണ്ടിൽ അപകടകരമായ അവസ്ഥയിൽ നിന്നിരുന്ന വലിയ ആഞ്ഞിലി മരം മുറിച്ച് നീക്കിയ നടപടി 21-06-2021-ലെ ഭരണസമിതി യോഗം അംഗീകരിച്ച്, തൊഴിലാളിക്ക് കൂലി നല്കാനും തടി ലേലം ചെയ്യാനും സെക്രട്ടറിയെ ചുമതലപ്പെടുത്തി ഭരണ സമിതി തീരുമാനമെടുത്തിട്ടുണ്ട് (തീരുമാന നം.5(1). തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 27-02-2003-ലെ

ജി.ഒ.(ആർ.ടി.)677/2003 നമ്പർ ഉത്തരവ്, 23-20-2003-ലെ 5523/ഡി.പി.1/03 നമ്പർ സർക്കുലർ എന്നിവ അനുസരിച്ച്, അധികാരക്കൈമാറ്റം വഴി വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ആസ്തികളിൽ നിന്നുള്ള വരുമാനം അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് അവകാശപ്പെട്ടതാണ്. ആയതിനാൽ തടിയുടെ ലേല വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.7/തീ. 15-02-2023) രേഖാമൂലം മറുപടി ലഭ്യമാക്കിയില്ല. ഈ വിഷയത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണെന്ന് വാക്കാൽ അറിയിച്ചിട്ടുണ്ട്. വനം വകുപ്പിൽ നിന്ന് മൂല്യനിർണ്ണയം നടത്തിയ ശേഷം മാനദണ്ഡങ്ങൾക്ക് അനുസൃതമായി തടി ലേലം നടത്തി തനത് ഫണ്ടിലേക്ക് മുതൽ കൂട്ടി ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

### 1-12 ആശുപത്രി ക്വാർട്ടേഴ്സ് വാടക തനത് ഫണ്ടിൽ ഒടുക്കുന്നില്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 27-02-2003ലെ ജി.ഒ.(ആർ.ടി.)677/2003 നമ്പർ ഉത്തരവ്, 23-20-2003ലെ 5523/ഡി.പി.1/03 നമ്പർ സർക്കുലർ എന്നിവ അനുസരിച്ച്, അധികാരക്കൈമാറ്റം വഴി വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ആസ്തികളിൽ നിന്നുള്ള വരുമാനം അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് അവകാശപ്പെട്ടതാണ്. പെരുവന്താനം ഗ്രാമപഞ്ചായത്ത് കുടുംബാരോഗ്യ കേന്ദ്രത്തിലെ സ്റ്റാഫ് ക്വാർട്ടേഴ്സ് ജീവനക്കാരുടെ താമസത്തിനായി വിട്ടുനൽകിയിട്ടുണ്ട്. എന്നാൽ അവരുടെ ശമ്പളത്തിൽ നിന്ന് ഈടാക്കുന്ന വാടക വിഹിതം/വീട്ടുവാടക ബത്ത ഗ്രാമപഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നില്ല. പ്രസ്തുത തുകകൾ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലോ ആശുപത്രി മാനേജ്മെന്റ് ഫണ്ടിലോ അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-13 ലൈഫ് ഭവന പദ്ധതി - ഹഡ്കോ വായ്പ - സംസ്ഥാന സർക്കാർ - ബ്ലോക്ക് വിഹിതങ്ങളുടെ ചെലവ് വിവരം സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല

വി.ഇ.ഒ. നടപ്പാക്കിയ ലൈഫ് ഭവന പദ്ധതിക്കായി തൻവർഷം ഹഡ്കോ വായ്പ, സംസ്ഥാന സർക്കാർ വിഹിതം, ബ്ലോക്ക് പഞ്ചായത്ത് വിഹിതം എന്നീ ഇനങ്ങളിൽ ചെലവുള്ളതായി ധന സഹായ വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | അനുവദിച്ച തുക/തീയതി | ഫണ്ടിനം |
|---|---|---|---|
| 1 | ബിജു/സിന്ധു ബിജു | 100000/25.05.2021 | സ്റ്റേറ്റ് ഷെയർ |
| 2 | നാഗരാജൻ/ഭാമ | 40000/20.10.2021 | ബ്ലോക്ക് ഷെയർ |
| 3 | രജനീഷ് റ്റി.കെ. | 40000/07.04.2021 | ഫണ്ടിനം ലഭ്യമല്ല |
| 4 | വിശ്വനാഥൻ വി. വി. | 160000/07.04.2021 | സ്റ്റേറ്റ് ഷെയർ |
| 6 | ബാബു കെ. | 40000/20.10.2021 | ബ്ലോക്ക് ഷെയർ |
| | | 160000/30.03.2022 | ബ്ലോക്ക് ഷെയർ |
| 7 | കെ. ആർ. ചന്ദ്രൻ | 160000/05.05.2021 | സ്റ്റേറ്റ് ഷെയർ |

| | | | |
|---|---|---|---|
| | | 40000/20.10.2021 | ബ്ലോക്ക് ഷെയർ |
| 8 | സന്തോഷ് റ്റി. പി. | 160000/05.05.2021 | സ്റ്റേറ്റ് ഷെയർ |
| | | 160000/10.06.2021 | ഹഡ്കോ വായ്പ |
| 9 | സൗമ്യ എം. കെ. | 160000/05.05.2021 | സ്റ്റേറ്റ് ഷെയർ |
| | | 160000/10.06.2021 | ഹഡ്കോ വായ്പ |
| 10 | കെ. കെ. തങ്കപ്പൻ | 160000/05.05.2021 | സ്റ്റേറ്റ് ഷെയർ |
| | | 160000/10.06.2021 | ഹഡ്കോ വായ്പ |
| 11 | കൃഷ്ണൻ പി. പി. | 120000/05.05.2021 | സ്റ്റേറ്റ് ഷെയർ |
| | | 130000/10.06.2021 | സ്റ്റേറ്റ് ഷെയർ |
| 12 | രാജമ്മ | 120000/05.05.2021 | സ്റ്റേറ്റ് ഷെയർ |
| | | 210000/24.05.2021 | സ്റ്റേറ്റ് ഷെയർ |
| 13 | സി. ആർ. മനീഷ് | 120000/05.2021 | സ്റ്റേറ്റ് ഷെയർ |
| | | 210000/24.05.2021 | സ്റ്റേറ്റ് ഷെയർ |
| | | 180000/10.11.2021 | സ്റ്റേറ്റ് ഷെയർ |
| 14 | മാധവി | 120000/05.05.2021 | സ്റ്റേറ്റ് ഷെയർ |
| | | 60000/10.11.2021 | ബ്ലോക്ക് ഷെയർ |
| 15 | ഹസീന റാസിലി | 30000/20.10.2021 | ബ്ലോക്ക് ഷെയർ |

ഗുണഭോക്തൃ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന മേൽ ചെലവുകൾ തൻ വർഷത്തെ സുലേഖ പദ്ധതി ചെലവ് കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല. കൂടാതെ തൻവർഷം ചെലവഴിച്ച ഹഡ്കോ വായ്പ, സംസ്ഥാന സർക്കാർ - ബ്ലോക്ക് വിഹിതങ്ങളുടെ ബില്ലുകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. അതിനാൽ ഇവയുടെ ആകെ വരവ്, ചെലവ് എന്നിവയുടെ കൃത്യത ഉറപ്പാക്കാനായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.8/തീ. 15.02.2023) മറുപടി ലഭ്യമാക്കിയില്ല.

നിർവ്വഹണ ഉദ്യോഗസ്ഥർ ചെലവഴിക്കുന്ന തുകകൾ സുലേഖ സ്റ്റേറ്റ്മെന്റിൽ യഥാവിധി ഉൾപ്പെടുത്തുന്നതിലൂടെയാണ് സ്ഥാപനത്തിന്റെ പദ്ധതി നിർവ്വഹണം പദ്ധതി വിഹിതത്തിന്റെ ആകെ അടങ്കൽ, ചെലവ്, ഇനിയും വേണ്ടി വരുന്ന വിഹിതത്തിന്റെ തോത് തുടങ്ങിയവ സംബന്ധിച്ച വ്യക്തമായ ചിത്രം ലഭിക്കുന്നത്. ആയതിനാൽ മേൽ വിഹിതങ്ങളിലൂടെ ചെലവഴിച്ച തുകയുടെ ബിൽ വിവരങ്ങൾ ലഭ്യമാക്കേണ്ടതും സുലേഖയിൽ ചെലവ് വിവരം രേഖപ്പെടുത്താതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

1-14 സാമൂഹ്യ സുരക്ഷാ പെൻഷൻ – സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ അലംഭാവം

ധനകാര്യ വകുപ്പിന്റെ 02.08.2021-ലെ 63/2021 നമ്പർ സർക്കുലറിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ മരണപ്പെടുന്ന ഗുണഭോക്താക്കളെ യഥാസമയം പെൻഷൻ ലിസ്റ്റിൽ നിന്നും നീക്കുന്നതിന് ചുവടെ ചേർക്കുന്ന വ്യവസ്ഥ പാലിക്കാൻ പ്രാദേശിക സർക്കാരുകളോട് നിർദ്ദേശിച്ചിട്ടുണ്ട്.

1. പ്രാദേശിക സർക്കാരിൽ അതത് മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതെങ്കിലും പ്രാദേശിക സർക്കാർ പരിധിയിൽ സ്ഥിര താമസമാക്കിയ വ്യക്തികൾ ഉള്ളപക്ഷം, അക്കാര്യം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രാദേശിക സർക്കാർ സെക്രട്ടറി, മരണപ്പെട്ട വ്യക്തി സ്ഥിര താമസമാക്കിയിരുന്ന പ്രാദേശിക സർക്കാരിൽ തൊട്ടടുത്ത മാസം 10-ാം തീയതിക്ക് മുമ്പ് അറിയിക്കേണ്ടതാണ്.

2. എല്ലാ പ്രാദേശിക സർക്കാർ പരിധികളുള്ളിലും മരണപ്പെടുന്നവരുടെ വിവരങ്ങൾ 3 മാസത്തിലൊരിക്കൽ ധനകാര്യ (എസ്. എഫ്. സി. - ബി.) വകുപ്പിൽ അറിയിക്കേണ്ടതാണ്.

3. പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ടാൽ ഗുണഭോക്താക്കളുടെ അവകാശികളോ അടുത്ത ബന്ധുക്കളോ പ്രസ്തുത വിവരം ബന്ധപ്പെട്ട പ്രദേശിക സർക്കാരിൽ വീഴ്ച കൂടാതെ അറിയിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്ന സത്യപ്രസ്താവന സാമൂഹ്യ സുരക്ഷ പെൻഷൻ ഗുണഭോക്താക്കളിൽ/അപേക്ഷകരിൽ നിന്നും വാങ്ങേണ്ടതാണ്. ധനകാര്യ വകുപ്പിന്റെ 02.08.2021-ലെ മേൽ സർക്കുലർ പ്രകാരമുള്ള നിർദ്ദേശം നിലവിൽ പാലിക്കുന്നുണ്ടോയെന്നും ഇല്ലായെങ്കിൽ കാരണവും ലഭ്യമാക്കേണ്ടതാണ്.

4. ഗ്രാമപഞ്ചായത്തിലെ സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണ വിവരങ്ങൾ സേവന സോഫ്റ്റ് വെയറും 01-04-2021 മുതലുള്ള പഞ്ചായത്തിലെ മരണ രജിസ്ട്രേഷൻ വിവരങ്ങളും ആസ്പദമാക്കി പരിശോധിച്ചതിൽ ചുവടെ സൂചിപ്പിക്കുന്ന ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് അവർ മരണപ്പെട്ടതിന് ശേഷവും പെൻഷൻ നിക്ഷേപിക്കുകയോ തുക അനുവദിക്കുകയോ ചെയ്തിട്ടുള്ളതായി കാണുന്നു.

| ക്രമ നം. | പേര്/ പെൻഷൻ ID | മരണപ്പെട്ട തീയതി/ രജിസ്റ്റർ ചെയ്ത തീയതി | അനർഹമായി തുക നൽകിയ മാസം | സ്റ്റാറ്റസ് | പെൻഷൻ ഇനം/ പെൻഷൻ നൽകുന്ന സ്ഥാപനം | അനുവദിച്ച് നൽകിയ തുക (₹) |
|---|---|---|---|---|---|---|
| 1 | മാണിക്കുട്ടി ആന്റണി Xxxx4418 | 25.05.2022/ 16.06.2022 | 05/2022 - 11/2022 | ആക്ടീവ് | കർഷക ക്ഷേമനിധി ബോർഡ് പെൻഷൻ | 11200 |
| 2 | ചാക്കോ തോമസ് Xxxx0744 | 16.06.2022 / 30.06.2022 | 06/2022 - 11/2022 | ആക്ടീവ് | വാർദ്ധക്യകാല പെൻഷൻ പീരുമേട് ഗ്രാമപഞ്ചായത്ത് | 9600 |

| | | | | | | |
|---|---|---|---|---|---|---|
| 3 | അന്നമ്മ Xxxx1931 | 28.06.2022/ 13.07.2022 | 06/2022 - 11/2022 | ആക്ടീവ് | വാർദ്ധക്യകാല പെൻഷൻ കൊക്കയാർ ഗ്രാമപഞ്ചായത്ത് | 9600 |
| 4 | ഇട്ടി സി. എ. Xxxx2719 | 17.07.2022 / 21.07.2022 | 07/2022 - 11/2022 | ആക്ടീവ് | വാർദ്ധക്യകാല പെൻഷൻ മുണ്ടക്കയം ഗ്രാമപഞ്ചായത്ത് | 8000 |
| 5 | ജോസ് കെ. Xxxx2902 | 17.07.2022 / 08.08.2022 | 07/2022 - 11/2022 | ആക്ടീവ് | വാർദ്ധക്യകാല പെൻഷൻ പീരുമേട് ഗ്രാമപഞ്ചായത്ത് | 8000 |
| 6 | ഹെൽബ ഡാനിയേൽ Xxxx0401 | 26.08.2022/ 14.09.2022 | 8/2022 - 11/2022 | ആക്ടീവ് | വാർദ്ധക്യകാല പെൻഷൻ ഏലപ്പാറ ഗ്രാമപഞ്ചായത്ത് | 6400 |
| 7 | ബേബി പി. എം. മാണി Xxxx1039 | 14.09.2022/ 24.09.2022 | 9/2022 - 11/2022 | ആക്ടീവ് | വാർദ്ധക്യകാല പെൻഷൻ ഏലപ്പാറ ഗ്രാമപഞ്ചായത്ത് | 4800 |
| 8 | ചിന്നമ്മ ഭാർഗവൻ Xxxx1746 | 28.08.2022/ 14.09.2022 | 8/2022 - 11/2022 | ആക്ടീവ് | വാർദ്ധക്യകാല പെൻഷൻ മുണ്ടക്കയം ഗ്രാമപഞ്ചായത്ത് | 6400 |
| 9 | വി. റ്റി. ചാണ്ടി Xxxx7097 | 03.09.2022/ 24.09.2022 | 9/2022 - 11/2022 | ആക്ടീവ് | കർഷക ക്ഷേമനിധി ബോർഡ് പെൻഷൻ | 4800 |
| 10 | ജോസഫ് ജോസഫ് Xxxx4363 | 17.09.2022/ 28.09.2022 | 9/2022 - 11/2022 | ആക്ടീവ് | കർഷക ക്ഷേമനിധി ബോർഡ് പെൻഷൻ | 4800 |
| 11 | ഉലഹന്നാൻ ജോസഫ് Xxxx0940 | 17.09.2022/ 28.09.2022 | 9/2022 - 11/2022 | ആക്ടീവ് | വാർദ്ധക്യകാല പെൻഷൻ മുണ്ടക്കയം | 4800 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | ഗ്രാമപഞ്ചായത്ത് | |
| 12 | സ്വാമി ദാസ് Xxxx0792 | 17.09.2022/ 13.10.2022 | 9/2022 - 11/2022 | ആക്ടീവ് | വാർദ്ധക്യകാല പെൻഷൻ കൊക്കയാർ ഗ്രാമപഞ്ചായത്ത് | 4800 |
| 13 | ജമീലബീവി Xxxx1830 | 26.09.2022/ 13.10.2022 | 9/2022 - 11/2022 | ആക്ടീവ് | വാർദ്ധക്യകാല പെൻഷൻ പീരുമേട് ഗ്രാമപഞ്ചായത്ത് | 4800 |
| 14 | സരോജിനി Xxxx0255 | 26.09.2022/ 13.10.2022 | 9/2022 - 11/2022 | ആക്ടീവ് | വാർദ്ധക്യകാല പെൻഷൻ കൊക്കയാർ ഗ്രാമപഞ്ചായത്ത് | 4800 |
| 15 | കുട്ടപ്പൻ കെ. കെ. Xxxx0514 | 26.09.2022/ 13.10.2022 | 9/2022 - 11/2022 | ആക്ടീവ് | വാർദ്ധക്യകാല പെൻഷൻ കോരുത്തോട് ഗ്രാമപഞ്ചായത്ത് | 4800 |
| 16 | പ്രദീപ് Xxxx0637 | 26.09.2022/ 13.10.2022 | 9/2022 - 11/2022 | ആക്ടീവ് | വാർദ്ധക്യകാല പെൻഷൻ കൊക്കയാർ ഗ്രാമപഞ്ചായത്ത് | 4800 |
| 17 | സിദ്ധിക്ക് സി.എസ്. Xxxx1830 | 10.10.2022/ 17.10.2022 | 10/2022 - 11/2022 | ആക്ടീവ് | വാർദ്ധക്യകാല പെൻഷൻ പെരുവന്താനം ഗ്രാമപഞ്ചായത്ത് | 3200 |
| 18 | ഷീല പ്രസാദ് Xxxx1592 | 08.10.2022/ 18.10.2022 | 10/2022 - 11/2022 | ആക്ടീവ് | വാർദ്ധക്യകാല പെൻഷൻ മുണ്ടക്കയം ഗ്രാമപഞ്ചായത്ത് | 3200 |
| 19 | ഭവാനി ശിവദാസ് Xxxx0931 | 11.10.2022 / 31.10.2022 | 10/2022 - 11/2022 | ആക്ടീവ് | വാർദ്ധക്യകാല പെൻഷൻ | 3200 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | പെരുവന്താനം ഗ്രാമപഞ്ചായത്ത് | |

സർക്കുലർ പ്രകാരമുള്ള നിർദ്ദേശങ്ങളിലൂടെ മേൽ വ്യക്തികളുടെ മരണ വിവരം അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ/ധനകാര്യ (എസ്.എഫ്.സി.-ബി.) വകുപ്പിൽ അറിയിച്ചിട്ടുണ്ടോയെന്ന വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.2/തീ.14.02.2023) സമർപ്പിച്ച മറുപടിയിൽ, മേൽ സർക്കുലർ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്നും (മറ്റ് പ്രാദേശിക സർക്കാർ/ധനകാര്യ (എസ്. എഫ്. സി. - ബി. എന്നിവയ്ക്ക് ഔദ്യോഗികമായി മേൽ വിവരം കൈമാറിയ രേഖ ലഭ്യമാക്കിയിട്ടില്ല). മേൽ പട്ടികയിൽ പരാമർശിക്കുന്നതും പെരുവന്താനം ഗ്രാമ പഞ്ചായത്തിലെ ഗുണഭോക്താവുമായിരുന്ന ഭവാനി ശിവദാസിന് അധികമായി നൽകിയ തുക തിരികെ ഈടാക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. എന്നാൽ ഇതേ പഞ്ചായത്തിലെ സിദ്ദിഖ് സി.എസ്.-ന് അധികമായി നൽകിയ തുക ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കിയില്ല.

മേൽ പരാമർശിത വിഷയങ്ങളിലെ തുടർ നടപടി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

### 1-15 വാർദ്ധക്യകാല പെൻഷൻ - അപേക്ഷ നിരസിക്കപ്പെട്ട വ്യക്തിക്ക് ഒരു വർഷമായി പെൻഷൻ അനുവദിക്കുന്നു.

സാമൂഹ്യ സുരക്ഷ പെൻഷൻ അനുവദിക്കുന്നതിന് സമർപ്പിക്കപ്പെട്ട അപേക്ഷകളിൽ ക്ഷമതയുള്ള അന്വേഷണ ഉദ്യോഗസ്ഥരുടെ പരിശോധന റിപ്പോർട്ട് വിലയിരുത്തി ഭരണസമിതി നിരസിച്ചതിന് ശേഷം പെൻഷൻ അനുവദിക്കുന്നതായി ഫയലുകളുടെ പരിശോധനയിൽ നിന്നും വ്യക്തമായി. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പേര്/ പെൻഷൻ നമ്പർ | ഫയൽ നമ്പർ/അപേക്ഷ സമർപ്പിച്ച തീയതി | അപേക്ഷ നിരസിച്ച തീയതി | നിരസിക്കാനുള്ള കാരണം | പെൻഷൻ അനുവദിച്ചിരിക്കുന്ന ഇനം/കാലയളവ്/ തുക ₹ | അനുവദിച്ച തുക ₹ |
|---|---|---|---|---|---|
| ജൈനമ്മ Xxxx2620 | 1611821/ 31.07.2021 | 02.08.2021 (12.10.21-ലെ ഭരണ സമിതി തീരുമാനം) | 2 ഏക്കറിൽ അധികമുള്ള വസ്തു ഉണ്ട് | വാർദ്ധക്യകാല പെൻഷൻ 12/2021 മുതൽ 11/2022 വരെ @1600 | 19200 (12*1600) ആക്ടീവ് |

യോഗ്യത ഇല്ലാത്ത വ്യക്തിക്ക് പെൻഷൻ അനുവദിച്ചതിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/തീ. 14.03.2023) സമർപ്പിച്ച മറുപടിയിൽ, ഡാറ്റാ എൻട്രി സമയത്തുണ്ടായ തെറ്റ് മൂലമാണ് അപാകതയുണ്ടായതെന്നും അനർഹമായി നൽകിയ ₹19,200/- ടി വ്യക്തിയിൽ നിന്നും രണ്ട് ഗഡുക്കളായി ഈടാക്കി വിവരം അറിയിക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട് (മറുപടി ലഭ്യമാക്കിയ

തീയതിയിലും ടിയാളുടെ പെൻഷൻ സ്റ്റാറ്റസ് സേവനയിൽ ആക്ടീവ് ആണ്). അനർഹമായി നൽകിയ ₹19,200/- തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതും പെൻഷൻ ഐ.ഡി. റദ്ദാക്കേണ്ടതുമാണ്. തുക തിരികെ ഈടാക്കാത്തപക്ഷം സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

### 1-16 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - ഒരേ വ്യക്തികൾക്ക് ഒന്നിലധികം ഗ്രാമപഞ്ചായത്തുകളിൽ നിന്ന് ധനസഹായം അനുവദിച്ചു - ₹36,327/- നിരാകരിക്കുന്നു

| | |
|---|---|
| പദ്ധതിയുടെ പേര്, നമ്പർ | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി, 225/22 പുതിയത് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ |
| അടങ്കൽ | ₹599997/- (വികസന ഫണ്ട് – പൊതുവിഭാഗം) |
| ചെലവ് | ₹599997/- |

ഡയറി ഫാം ഇൻസ്ട്രക്ടർ നടപ്പാക്കിയ ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി എന്ന പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന വ്യക്തികൾക്ക് മറ്റ് പഞ്ചായത്തുകളിൽ നിന്ന് കൂടി ആനുകൂല്യം നൽകിയിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| നം. | പേര്/അക്കൗണ്ട് നമ്പർ | ആനുകൂല്യം നൽകിയ പഞ്ചായത്തുകൾ | ബിൽ നമ്പർ | തുക ₹ |
|---|---|---|---|---|
| 1 | സേവ്യർ/തോമസ് 3477101005497 | പെരുവന്താനം ഗ്രാമ പഞ്ചായത്ത് | 21100252011300720110/ 29/11/2021 | 13899 |
| | | കുമളി ഗ്രാമ പഞ്ചായത്ത് | 21100252016900781569/ 2021-22 | 11868 |
| | | പെരുവന്താനം ഗ്രാമ പഞ്ചായത്ത് | 21100252011300927375/ 12/01/2022 | 4506 |
| 2 | എബ്രഹാം/മിനി വർഗീസ്/ 99980100413462 | പെരുവന്താനം ഗ്രാമ പഞ്ചായത്ത് | 21100252011300720110/ 29/11/2021 | 13890 |
| | | പെരുവന്താനം ഗ്രാമ പഞ്ചായത്ത് | 21100252011300927375/ 12/01/2022 | 4032 |
| | | കുമളി ഗ്രാമ പഞ്ചായത്ത് | 21100252016900781569/ 2021-22 | 11592 |

പ്രസ്തുത വ്യക്തികളുടെ അർഹത സ്ഥിരീകരിക്കുന്ന രേഖകൾ ഹാജരാക്കുവാനും ഒന്നിലധികം ഗ്രാമപഞ്ചായത്തുകളിൽ നിന്ന് ആനുകൂല്യം നൽകിയതിന് വിശദീകരണം ലഭ്യമാക്കുവാനും ആവശ്യപ്പെട്ട്

നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.5/തീ. 15.02.2023) സമർപ്പിച്ച മറുപടിയിൽ, ഡാറ്റാ എൻട്രി സമയത്തുണ്ടായ തെറ്റുകൾ മൂലമാണ് അപാകത സംഭവിച്ചതെന്നും അനർഹമായി വിതരണം ചെയ്ത തുക തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായും നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. അനർഹരായ വ്യക്തികൾക്ക് പെരുവന്താനം ഗ്രാമ പഞ്ചായത്തിൽ നിന്ന് വിതരണം ചെയ്ത സബ്സിഡി തുക ₹36,327/- ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. മേൽ വ്യക്തികൾക്ക് അനർഹമായി അനുവദിച്ച തുക അടിയന്തിരമായി തിരികെ ഈടാക്കാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയായി പരിഗണിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

1-17 ഗ്രാമപഞ്ചായത്തിൽ സേവനമനുഷ്ഠിക്കാത്ത കാലയളവിലെ ക്ഷാമബത്ത കുടിശ്ശിക പഞ്ചായത്ത് ഫണ്ടിൽ നിന്ന് ഒടുക്കി

| | |
|---|---|
| വൗച്ചർ നം. | 22100479/തീ. 25.11.2021, തുക ₹131858/- |
| ചെക്ക് നം. | 6541230/25.11.2021 (ചെക്കിന്റെ ആകെത്തുക ₹159478/-) |

സംസ്ഥാന സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും 01.01.2019 മുതൽ 28.02.2021 വരെയുള്ള 04 ഗഡു ക്ഷാമബത്ത കുടിശ്ശിക ധനകാര്യ വകുപ്പിന്റെ 08.02.2021-ലെ ജി.ഒ(പി)25/2021 നമ്പർ ഉത്തരവ് പ്രകാരം അനുവദിക്കുകയുണ്ടായി. കുടിശ്ശിക തുക പിൻവലിച്ച് പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടിൽ ലയിപ്പിക്കുവാനാണ് സർക്കാർ നിർദ്ദേശിച്ചിരുന്നത്. തദനുസരണം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായ ശ്രീ. ബി. വിനോദിന്റെ പ്രസ്തുത കാലയളവിലെ ക്ഷാമബത്ത കുടിശ്ശികയും മേൽ പരാമർശിത വൗച്ചർ പ്രകാരം പിൻവലിച്ച് കേരള പഞ്ചായത്ത് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത ഉദ്യോഗസ്ഥൻ ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായി ചുമതലയേൽക്കുന്നത് 01.03.2021-ൽ മാത്രമാണ്. ആകയാൽ ഇതിന് മുമ്പ് ഉള്ള കാലയളവിലെ സാമ്പത്തിക ബാധ്യത പെരുവന്താനം ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് വഹിക്കേണ്ട ആവശ്യകത ഇല്ലാത്തതാണ്. അനധികൃതമായി ക്രെഡിറ്റ് ചെയ്യപ്പെട്ട ടി തുക സെക്രട്ടറിയിൽ നിന്ന് നിയമാനുസൃത പലിശ സഹിതം ഈടാക്കി (പ്രോവിഡന്റ് ഫണ്ടിന് 8.5% പലിശ സർക്കാർ നൽകുന്നുണ്ട്) തനത് ഫണ്ടിൽ തിരികെ ഒടുക്കേണ്ടതാണ്.

ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.11/തീ.17.02.2023) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല (ക്ഷാമബത്ത അനുവദിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് ഹാജരാക്കി). ചെലവഴിച്ച ₹1,31,858/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-18 നിക്ഷേപ പ്രവൃത്തികൾ - പൂർത്തീകരണ വിശദാംശങ്ങൾ ലഭ്യമല്ല

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് രണ്ട് വിഭാഗങ്ങളിലായാണ് പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് അനുവദിക്കുന്നത് - ടൈഡ് ഗ്രാന്റ് (Tied Grant) & ബേസിക് ഗ്രാന്റ്. ഇതിൽ ടൈഡ് ഫണ്ട് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റാണ്. അതിന്റെ വിനിയോഗം ശുചിത്വം-ഖരമാലിന്യ പരിപാലനം, കുടിവെള്ള

വിതരണം എന്നിവയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നിബന്ധന മറി കടക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വ്യാപകമായി കുടിവെള്ള പദ്ധതികളുടെ വിപുലീകരണത്തിനും മറ്റുമായി നിർവ്വഹണ ഏജൻസികളിൽ തുക നിക്ഷേപിക്കുകയാണ് ചെയ്തുവരുന്നത്. തന്മൂലം ഭീമമായ തുകയാണ് ഏതാനും വർഷങ്ങൾക്കുള്ളിൽ നിക്ഷേപിക്കപ്പെട്ടിട്ടുള്ളത്. തുക നിക്ഷേപിക്കുന്നതിന് മുമ്പ് പ്രോജക്ടുകളുടെ പ്രായോഗികത സംബന്ധിച്ച് വിശദമായ പഠനം നടത്തിയതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ സാങ്കേതിക വിഭാഗം ജീവനക്കാർക്ക് പ്രോജക്ട് നിർവ്വഹണത്തിൽ യാതൊരു പങ്കാളിത്തവും നിഷ്കർഷിച്ചിട്ടില്ലാത്തതിനാൽ നിർവ്വഹണ ഏജൻസിയുടെ സമയവും സാഹചര്യവുമനുസരിച്ചാണ് അവ പൂർത്തീകരിക്കപ്പെടുന്നത്. തുക കൈമാറുന്നതിൽ നടപടികൾ അവസാനിപ്പിക്കുന്നതിനാൽ സമയബന്ധിതവും കാര്യക്ഷമവുമായി പദ്ധതികൾ കമ്മീഷൻ ചെയ്യുന്നുവെന്ന് ഉറപ്പാക്കാനാവാത്ത സാഹചര്യം നില നിൽക്കുന്നു. പ്രോജക്ടുകളുടെ പൂർത്തീകരണത്തിനായി തൻവർഷം വിവിധ നിർവ്വഹണ ഏജൻസികൾക്ക് കൈമാറിയ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം., പേര് | നിർവ്വഹണ ഏജൻസി | കൈമാറിയ തുക (₹) | ബിൽ വിവരങ്ങൾ |
|---|---|---|---|---|
| 1 | എസ്.150/2022 പെരുവന്താനം കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | കേരള ജല അതോറിറ്റി, പൊതുജനാരോഗ്യ വിഭാഗം, തൊടുപുഴ | 513900 | ചെക്ക് നം. 61936108/ തീ. 28.03.2022 |
| 2 | എസ്.104/2022 പാലൂർവാലി കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | – ടി – | 250000 | വൗച്ചർ 22100653/ തീ.31.03.2022 |
| 3 | എസ്.152/2022 ചുഴുപ്പ് നെടിയോരം ടോപ്പ് കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | – ടി – | 356400 | വൗച്ചർ 22100653/ തീ.31.03.2022 |
| 4 | എസ്.148/2022 ചെങ്കല്ലുംമാവ് കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | – ടി – | 100000 | ബിൽ നം. 2100252014401299233/ തീ.10.03.2022 |
| 5 | എസ്.102/2022 ചെങ്കല്ലുംമാവ് കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | – ടി – | 300000 | വൗച്ചർ നം. XVFC/2021-22/P/9/ തീ. 11.03.2022 |
| 6 | എസ്.105/2022 ചുഴുപ്പ് നെടിയോരം ടോപ്പ് കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | – ടി – | 250000 | വൗച്ചർ 22100648/ തീ.31.03.2022 |
| 7 | എസ്.103/2022 മൂഴിക്കൽ ടോപ്പ് കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | – ടി – | 276500 | വൗച്ചർ 22100647/ തീ.31.03.2022 |
| 8 | എസ്.110/2022 വെള്ളാനി സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | KSEB ഇലക്ട്രിക്കൽ സെക്ഷൻ പെരുവന്താനം | 490172 | വൗച്ചർ നം. XVFC/2021-22/P/1/ തീ. 30.09.2021 |

| | | | | |
|---|---|---|---|---|
| 9 | എസ്.155/2022 കൊയ്ലാട് സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | – ടി – | 297242 | ബിൽ നം. 210025201440128l005/ തീ.09.03.2022 |
| 10 | എസ്.107/2022 ചെറുവള്ളിക്കുളം സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | – ടി – | 500000 | വൗച്ചർ നം. 22100660/ തീ.31.03.2022 |
| 11 | എസ്.172/2022 MCF വൈദ്യുതീകരണം | – ടി – | 608484 | ബിൽ നം. 210025201460l507795/ തീ.29.03.2022 |
| | | ആകെ | 3942698 | |

തുക കൈമാറി ഒരു വർഷത്തോളം കഴിഞ്ഞെങ്കിലും അവയുടെ പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല. ആകയാൽ ചെലവ് തുക (₹39,42,698/-) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കരാർ പ്രകാരം 06 മാസമാണ് നിർവ്വഹണ കാലാവധി എന്നതിനാൽ പ്രോജക്റ്റുകൾ ഇതിനോടകം പൂർത്തീകരിക്കേണ്ടതാണ്. അവ പൂർത്തീകരിച്ച/കമ്മീഷൻ ചെയ്ത വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. പ്രോജക്റ്റുകളുടെ സമയബന്ധിതവും കാര്യക്ഷമവുമായ പൂർത്തീകരണത്തിന് ഗ്രാമപഞ്ചായത്തിന്റെ സാങ്കേതിക വിഭാഗം ജീവനക്കാരുടെയും ജനപ്രതിനിധികളുടെയും ക്രിയാത്മകമായ ഇടപെടലുകൾ അനിവാര്യമാകയാൽ തുടർന്നുള്ള വർഷങ്ങളിലെ സമാന പ്രോജക്റ്റുകളുടെ (കുടിവെള്ള പദ്ധതികൾ) നിർവ്വഹണം പരമാവധി ഗ്രാമപഞ്ചായത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ആയിരിയ്ക്കാനും ശ്രദ്ധിക്കേണ്ടതാണ്. ഇവയുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.10/തീ.17.02.2023) മറുപടി ലഭ്യമാക്കിയില്ല.

**1-19 ശബരിമല ഉത്സവകാലത്തോടനുബന്ധിച്ച് തെരുവ് വിളക്ക് സ്ഥാപിക്കൽ - സർക്കാർ അനുവദിച്ച സ്പെഷ്യൽ ഫണ്ട് നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ചു**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഗ്രാമപഞ്ചായത്ത് സെക്രട്ടറി |
| പ്രോജക്റ്റ് നം. | എസ്.179/2022 |
| പ്രോജക്റ്റിന്റെ പേര് | അയ്യപ്പ ഭക്തരുടെ സഞ്ചാര പാതയിൽ വഴിവിളക്ക് സ്ഥാപിക്കൽ |
| അടങ്കൽ | ₹300000/- (ശബരിമല സ്പെഷ്യൽ ഫണ്ട് ) |
| ചെലവ് തുക | ₹171920/- ചെക്ക് നം. 6541237/തീ. 08.02.2022 |
| | ₹92250/- ചെക്ക് നം. 6541240/തീ. 23.02.2022 |
| | ₹8550/- ചെക്ക് നം. 6541237/തീ. 08.02.2022 |

ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് കൊല്ലം-ഡിൻഡിഗൽ ദേശീയപാതയിൽ (NH 183) മുറിഞ്ഞപുഴ മുതൽ 34-ാം മൈൽ വരെയും മൂഴിയ്ക്കൽ മുതൽ മുക്കുഴി ക്ഷേത്രം വരെയും വഴിവിളക്കുകൾ സ്ഥാപിക്കുന്നതിന് ആവിഷ്ക്കരിച്ച പ്രോജക്റ്റാണിത്. ഇത് പ്രകാരം 30W LED ഫ്ലഡ് ലൈറ്റ് 74 എണ്ണം, 20W

LED ബൾബ് 20 എണ്ണം, 12 W LED ബൾബ് 130 എണ്ണം എന്നിവ തീർത്ഥാടന പാതയിലെ വിവിധ സ്ഥലങ്ങളിൽ മേൽ പരാമർശിച്ച പ്രകാരം തുകകൾ ചെലവഴിച്ച് സ്ഥാപിച്ചു. കണ്ടത്തിൻചിറയിൽ ട്രേഡ് ലിങ്ക്സ് തലയാഴം പി.ഒ., വൈക്കം എന്ന സ്ഥാപനത്തിൽ നിന്ന് സാധനങ്ങൾ വാങ്ങി ശ്രീ. പി. ആർ. മുരളീധരൻനായർ, പുത്തൻവീട്, പെരുവന്താനം എന്ന കരാറുകാരൻ മുഖേന വൈദ്യുത പോസ്റ്റുകളിൽ ഘടിപ്പിക്കുകയാണ് ചെയ്തത്. പ്രോജക്ടിന്റെ നിർവ്വഹണ ഘട്ടങ്ങളുടെ നാൾവഴി ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഘട്ടം | തീയതി |
|---|---|---|
| 1 | പ്രോജക്ട് നടപ്പാക്കുന്നതിനുള്ള ഭരണസമിതി തീരുമാനം (നം. I(5) | 24.11.2021 |
| 2 | ടെൻഡർ പരസ്യം | 07.12.2021 |
| 3 | ടെൻഡർ തുറക്കൽ | 14.12.2021 |
| 4 | വില സമന്വയ ചർച്ചയ്ക്കുള്ള കത്ത് | 16.12.2021 |
| 5 | ചർച്ച | 17.12.2021 |
| 6 | ടെൻഡർ അംഗീകാരം (ഭരണസമിതി തീരുമാന നം.I(1)<br>(വില സംബന്ധിച്ച ചർച്ചയ്ക്ക് മുമ്പ് ടെൻഡർ അംഗീകരിച്ച കാര്യം ശ്രദ്ധിക്കുക) | 16.12.2021 |
| 7 | വൈദ്യുതി പോസ്റ്റുകളിൽ വിളക്കുകൾ ഘടിപ്പിക്കുന്നതിന് KSEB-യിൽനിന്ന് അനുവാദം തേടുന്ന കത്ത് | 17.12.2021 |
| 8 | വിളക്ക് ഘടിപ്പിക്കുന്ന ടെൻഡർ അംഗീകരിച്ച വിവരം കരാറുകാരനെ അറിയിക്കുന്ന കത്ത് | 18.12.2021 |
| 9 | തെരുവ് വിളക്കുൾക്കുള്ള സപ്ലൈ ഓഡർ | 18.12.2021 |
| 10 | കരാർ ചമയ്ക്കൽ, പെർഫോമൻസ് സെക്യൂരിറ്റി ഒടുക്കൽ | 22.12.2021 |
| 11 | സാമ്പിൾ പരിശോധനയ്ക്ക് കുട്ടിക്കാനം IHRD പോളിടെക്നിക്ക് കോളേജിനുള്ള കത്ത് (അന്നേ ദിവസം തന്നെ ആവശ്യപ്പെട്ട മുഴുവൻ സാമഗ്രികളും ഇൻവോയ്സ് നം.031/തീ.22.12.2021 പ്രകാരം സ്ഥാപനം എത്തിച്ചിരുന്നു) | 22.12.2021 |
| 12 | സാമ്പിൾ പരിശോധന സാക്ഷ്യപത്രം | 23.12.2021 |
| 13 | വിളക്ക് ഘടിപ്പിച്ചതിന് കൂലി ആവശ്യപ്പെട്ടുള്ള കരാറുകാരന്റെ അപേക്ഷ | 27.12.2021 |
| 14 | സാധനങ്ങൾ വാങ്ങുന്നതിനും ഘടിപ്പിക്കുന്നതിനും അനുവാദം നൽകുന്ന ഭരണസമിതി തീരുമാനം (നം.XVII(2)/തീ. 28.12.2021) (ഭരണ സമിതി തീരുമാനം വരുന്നതിന് മുമ്പ് തന്നെ നിർവ്വഹണ പ്രക്രിയകൾ പൂർത്തിയായെന്ന വിവരം ശ്രദ്ധിക്കുക) | 28.12.2021 |
| 15 | വിവിധ ശേഷിയുള്ള 205 വിളക്കുകൾ സ്ഥാപിച്ചതായുള്ള സാക്ഷ്യപത്രം | 29.12.2021 |
| 16 | കരാറുകാരന് തുക നൽകൽ | 31.12.2021 |

| | | |
|---|---|---|
| 17 | മകരജ്യോതി ദർശനത്തിന് പാഞ്ചാലിമേട്ടിലെത്തുന്ന ഭക്ത ജനങ്ങൾക്ക് സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള തഹസിൽദാറുടെ കത്ത് | 06.01.2022 |
| 19 | അധികമായി 19 വിളക്ക് കൂടി ഘടിപ്പിക്കാൻ കരാറുകാരന് നിർദ്ദേശം നൽകുന്ന കത്ത് | 06.01.2022 |
| 20 | 40 വിളക്കുകൾ കൂടി വാങ്ങൽ | 07.01.2022 |
| 21 | 19 എണ്ണം ഘടിപ്പിച്ചതായ കരാറുകാരന്റെ കത്ത് | 10.01.2022 |

പ്രോജക്ട് നിർവ്വഹണത്തിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

1. സംസ്ഥാന സർക്കാർ 2020-21 സാമ്പത്തിക വർഷം അനുവദിച്ച ശബരിമല സ്പെഷ്യൽ ഫണ്ടിൽ നിന്നാണ് പ്രോജക്ടിനായി തുക വകയിരുത്തിയത്. ശബരിമലയിലെ മണ്ഡല-മകരവിളക്ക് തീർത്ഥാടന കാലയളവ് നവംബർ മാസം 16-ാം തീയതി മുതൽ ജനുവരി 18 വരെയാണ് (തുലാം 30 മുതൽ മകരം 03 വരെ). പ്രസ്തുത കാലയളവിൽ എല്ലാ വർഷവും തീർത്ഥാടനം നടക്കുന്നതാണെന്ന് വളരെ വ്യക്തമായി അറിയാമായിരുന്നിട്ടും തീർത്ഥാടകർക്ക് അടിസ്ഥാന സൗകര്യമൊരുക്കുന്ന പ്രോജക്ട് വാർഷിക പദ്ധതിയിൽ മുൻകൂട്ടി ആസൂത്രണം ചെയ്തില്ല. തീർത്ഥാടന കാലം ആരംഭിച്ച് ഒരാഴ്ചയിലധികം കഴിഞ്ഞപ്പോഴാണ് ഭരണ സമിതി ഇത്തരമൊരു നടപടിയിലേക്ക് കടന്നത് എന്ന വസ്തുത പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ് (24.11.2021-ലെ I(5) നമ്പർ ഭരണ സമിതി തീരുമാനം കാണുക). തുടർന്നുള്ള ധൃതി പിടിച്ച പ്രവർത്തനങ്ങൾക്കിടയിൽ പല നടപടി ക്രമങ്ങളും പാലിയ്ക്കപ്പെട്ടില്ലായെന്നത് മുകളിൽ നൽകിയിട്ടുള്ള പട്ടികയിലെ വിവരങ്ങളിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്.

ശബരിമലയിലേക്ക് എത്തുന്ന ഭക്തജനങ്ങളിൽ ബഹു ഭൂരിപക്ഷവും ആശ്രയിക്കുന്നത് കൊല്ലം തേനി ദേശീയ പാതയെയാണ്. ദുഷ്കരവും ഇടുങ്ങിയതും ചുരങ്ങൾ നിറഞ്ഞതുമായ ഈ പ്രദേശത്തെ ദേശീയ പാതയിൽ അന്യ സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന അയ്യപ്പ ഭക്തരുടെ വാഹനങ്ങൾ അപകടത്തിൽപ്പെടുന്നത് നിത്യ സംഭവമാണ്. 2021 ഒക്ടോബർ 16-നുണ്ടായ അപ്രതീക്ഷിത മേഘ വിസ്ഫോടനത്തിൽ ദേശീയ പാതയുടെ പല ഭാഗവും ഗതാഗതയോഗ്യമല്ലാത്തവിധം നശിക്കുകയും ദിവസങ്ങളോളം വാഹന സൗകര്യം മുടങ്ങുകയും ചെയ്തിരുന്നു. തുടർന്ന് ചെറിയ തോതിലുള്ള അറ്റകുറ്റപ്പണികൾ നടത്തിയെങ്കിലും പല ഭാഗങ്ങളിലും രണ്ട് വരികളിലൂടെയുള്ള ഗതാഗതം പൂർണ്ണമായി പുനഃസ്ഥാപിച്ചിരുന്നില്ല. മണ്ഡല-മകരവിളക്ക് കാലയളവിൽ ശബരിമല തീർത്ഥാടകരുടെ വാഹനങ്ങളുടെ വൻ തിരക്ക് അനുഭവപ്പെടുമ്പോഴും പൂർവ്വസ്ഥിതി പ്രാപിക്കാതെ അപകടകരമായ അവസ്ഥയിൽ തുടരുന്ന ദേശീയ പാതയോരങ്ങളിൽ അനിവാര്യമായിരുന്ന വഴിവിളക്ക് സൗകര്യം സ്ഥാപിക്കപ്പെട്ടത് തീർത്ഥാടനം തുടങ്ങി ഏതാണ്ട് 44 ദിവസങ്ങൾക്ക് ശേഷമാണെന്ന വസ്തുത (പൂർണ്ണമായി സ്ഥാപിക്കപ്പെട്ടത് തീർത്ഥാടനം അവസാനിക്കാൻ കേവലം 10 ദിവസം ബാക്കിയുള്ളപ്പോഴാണ്) പദ്ധതി നിർവ്വഹണത്തിലെ കാര്യക്ഷമതയുടെ അളവുകോലായി പരിഗണിയ്ക്കപ്പെടേണ്ടതാണ്.

2. തീർത്ഥാടകർക്ക് അടിസ്ഥാന സൗകര്യമൊരുക്കുന്നതിന് സംസ്ഥാന സർക്കാർ അനുവദിക്കുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റാണ് ശബരിമല സ്പെഷ്യൽ ഫണ്ട്. അത് മറ്റൊരാവശ്യത്തിനും വകമാറ്റാനും ആവശ്യാധിഷ്ഠിതമല്ലാതെ വിനിയോഗിക്കാനും പാടില്ലാത്തതാണ്. ആദ്യം വാങ്ങി സ്ഥാപിച്ച തെരുവുവിളക്കുകൾ കൂടാതെ, (30W LED ഫ്ലഡ് ലൈറ്റ് 55 എണ്ണം, 20W LED ബൾബ് 20 എണ്ണം, 12 W LED ബൾബ് 130 എണ്ണം) മകരവിളക്ക് ദർശിക്കാൻ പാഞ്ചാലിമേട്ടിൽ എത്തുന്ന അയ്യപ്പ ഭക്തർക്ക് അടിസ്ഥാന സൗകര്യമൊരുക്കണമെന്ന തഹസിൽദാറുടെ കത്തിനെ തുടർന്ന് 07.01.2022-ൽ 30W LED ഫ്ലഡ് ലൈറ്റ് 40 എണ്ണം കൂടി വാങ്ങുകയുണ്ടായി. ഘടിപ്പിക്കേണ്ട വിളക്കുകളുടെ എണ്ണം കൃത്യമായി വിലയിരുത്താതെയാണ് വാങ്ങൽ നടത്തിയത്. യഥാർത്ഥത്തിൽ 19 എണ്ണം മാത്രമാണ് പ്രസ്തുത പ്രദേശത്ത് സ്ഥാപിക്കപ്പെട്ടത്. സ്റ്റോക്കിൽ ശേഷിച്ച 21 എണ്ണം പിന്നീട് ഭരണ സമിതിയുടെ 07.02.2022-ലെ 5(3) നമ്പർ തീരുമാന പ്രകാരം മതമ്പ, കുപ്പക്കയം, കടമാൻകുളം എന്നീ സ്ഥലങ്ങളിൽ സ്ഥാപിച്ചതായി സ്റ്റോക്ക് രജിസ്റ്റർ പേജ് 37-ൽ രേഖപ്പെടുത്തിയിട്ടുണ്ട് (പ്രസ്തുത സ്ഥലങ്ങളിൽ വന്യമൃഗങ്ങളുടെ ശല്യമുള്ളതിനാൽ അടിയന്തിരമായി തെരുവ് വിളക്കുൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ KSEB പെരുവന്താനം ഇലക്ട്രിക്കൽ സെക്ഷൻ എൻജിനീയറോട് അഭ്യർത്ഥിക്കുന്നതാണ് ടി തീരുമാനം). വേണ്ടത്ര പഠനം നടത്താതെ സാധനങ്ങൾ വാങ്ങുകയും വാങ്ങിയ സാധനങ്ങൾ സർക്കാർ ഫണ്ട് വിനിയോഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രയോജനപ്പെടുത്തുകയും ചെയ്ത നടപടി ക്രമപ്രകാരമുള്ളതല്ല. 21 വിളക്കുകളുടെ മൂല്യം ചുവടെ നിർണ്ണയിക്കുന്നു (കരാർ സ്ഥാപനത്തിന്റെ ഇൻവോയ്സ് പ്രകാരമുള്ളത്).

| ഇനം | നിരക്ക് | എണ്ണം | ആകെ തുക ₹ |
|---|---|---|---|
| LED Flood Light 30W | 1240 | 21 | 26040 |
| LDR With Cover | 250 | 21 | 5250 |
| ഒട്ടാകെ | | | 31290 |

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 166-ാം വകുപ്പിന് കീഴിലുള്ള 3-ാം പട്ടികയിൽ വിവരിക്കുന്ന മേഖല അടിസ്ഥാനത്തിലുള്ള ചുമതലകളിലെ IX-ാമത്തെ ഇനത്തിൽപ്പെടുന്ന തെരുവ് വിളക്കുകൾ പ്രകാശിപ്പിക്കുക എന്ന കർത്തവ്യം തനത് ഫണ്ട് വിനിയോഗിച്ച് നിർവ്വഹിക്കേണ്ട ബാധ്യതയാണ്. അതിന് ശബരിമല പ്രത്യേക ഫണ്ട് പ്രയോജനപ്പെടുത്തിയ നടപടി അംഗീകരിക്കാൻ കഴിയാത്തതിനാൽ സ്റ്റോക്കിൽ ശേഷിച്ച 21 വിളക്കുകളുടെ മൂല്യം (₹31,290/-) തനത് ഫണ്ടിൽ നിന്ന് തിരികെ ക്രമീകരിക്കേണ്ടതാണ്. മുൻ വർഷങ്ങളിലും ശബരിമല പ്രത്യേക ഫണ്ട് വക മാറ്റിയ സാഹചര്യം ഉണ്ടാവുകയും അക്കാരണത്താൽ ജീവനക്കാർ അച്ചടക്ക നടപടികൾക്ക് വിധേയരാവുകയും ചെയ്തിരുന്നുവെങ്കിലും അതിൽ നിന്ന് പാഠം ഉൾക്കൊള്ളാത്ത നടപടി ഏറെ ഖേദകരമാണ്.

ദൈനംദിന കാര്യങ്ങൾക്കുള്ള ചെലവിനായി സർക്കാർ ഫണ്ട് വകമാറ്റാൻ വ്യവസ്ഥയില്ലാത്തതിനാൽ 21

ലൈറ്റുകളുടെ മൂല്യമായ ₹31,290/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ടി തുക തിരികെ ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതും വികലമായ പ്രോജക്ട് നിർവ്വഹണം ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-20 ഗ്രാമപഞ്ചായത്ത് കാര്യാലയത്തിന് കമ്പ്യൂട്ടർ വാങ്ങൽ - നടപടി ക്രമങ്ങൾ പാലിച്ചില്ല

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഗ്രാമപഞ്ചായത്ത് സെക്രട്ടറി |
| പ്രോജക്ട് നം. | എസ്.115/2022 |
| വകയിരുത്തിയ തുക | ₹15000/- വികസന ഫണ്ട് (പൊതുവിഭാഗം ) |
| | ₹250000/- പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവു തുക | ₹250000/- വൗച്ചർ നം.XVFC/2021-22/P/10/തീ.11.03.2022 |
| | ₹14780/- ബിൽ നം.21100252014401415755/തീ. 22.03.2022 |

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലേക്ക് 04 ലാപ്ടോപ്പുകൾ, ഒരു ഡെസ്ക്ക് ടോപ്പ്, ഒരു പ്രിന്റർ എന്നീ കമ്പ്യൂട്ടർ സാമഗ്രികൾ വാങ്ങുന്നതിന് ആവിഷ്കരിച്ച പ്രോജക്ടാണിത്. GEM മുഖേനയാണ് വാങ്ങൽ നടത്തിയത്. കരാർ സ്ഥാപനം ലഭ്യമാക്കിയ ലാപ്ടോപ്പുകൾ പ്രസിഡന്റ്, സെക്രട്ടറി, അസി. സെക്രട്ടറി, ഹെഡ് ക്ലാർക്ക് എന്നിവർക്ക് വിതരണം ചെയ്തിട്ടുണ്ട്, ഡെസ്ക്ക് ടോപ്പും പ്രിന്ററും ഗ്രാമപഞ്ചായത്ത് കാര്യാലയത്തിൽ സ്ഥാപിച്ച് ഉപയോഗിച്ചുവരുന്നു. പ്രോജക്ട് നിർവഹണവുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

സ്റ്റോർ പർച്ചേസ് വകുപ്പിന്റെ 26.04.2019-ലെ ജി.ഒ(പി) 07/2019 നമ്പർ ഉത്തരവിലൂടെ, സ്റ്റോർ പർച്ചേസ് മാനുവലിന്റെ 19.3 ഖണ്ഡികയ്ക്ക് ഭേദഗതി വരുത്തി ₹25,000/-യ്ക്ക് മുകളിലുള്ള എല്ലാ വാങ്ങലുകളും GEM മുഖേന ആയിരിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. GEM നടപ്പിൽ വരുത്തിയ 2017-ലെ കേന്ദ്ര ധനകാര്യ ചട്ടങ്ങളിലെ ചട്ടം 149-ന് കീഴിലുള്ള രണ്ടാമത്തെ വാങ്ങൽ രീതി അനുസരിച്ച്, ₹25,000/-യ്ക്ക് മുകളിലുള്ള വാങ്ങലുകൾക്ക് ആവശ്യമായ ഗുണനിലവാരവും സ്പെസിഫിക്കേഷനും വിതരണ കാലയളവും അനുയോജ്യമാണെങ്കിൽ കുറഞ്ഞത് 03 വ്യത്യസ്ത നിർമ്മാതാക്കളിൽ നിന്നുള്ള നിരക്കുകൾ താരതമ്യം ചെയ്ത് ഏറ്റവും കുറഞ്ഞ നിരക്കുള്ള നിർമ്മാതാവിൽ നിന്ന് സാധനങ്ങൾ വാങ്ങാവുന്നതാണ്. ഓൺലൈൻ ബിഡ്ഡിംഗ്, റിവേഴ്സ് ഓക്ഷൻ മുതലായ സമ്പ്രദായങ്ങളും വാങ്ങലിനായി സ്വീകരിക്കാവുന്നതാണ്. എന്നാൽ പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കാതെ GEM-ൽ നിന്ന് നേരിട്ട് വാങ്ങുന്ന രീതിയിലാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രോജക്ട് നടപ്പാക്കിയത്. ആകയാൽ സാധനങ്ങളുടെ ഗുണനിലവാരവും വില അടിസ്ഥാനത്തിലുള്ള താരതമ്യവും സാധ്യമായില്ല. സർക്കാർ നിർദ്ദേശം മറികടന്നുള്ള പ്രസ്തുത നടപടി മൂലം ഗ്രാമപഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല. സർക്കാർ ചട്ടം നിലവിൽ വന്ന് 04 വർഷങ്ങൾക്ക് ശേഷവും അത് പാലിക്കാതെ വാങ്ങൽ നടത്തിയ നടപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആകയാൽ ചെലവ് തുക (₹2,64,780/-) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ചട്ടങ്ങൾ മറികടന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-21 കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാധ്യതയില്ലാത്ത തുക തിരികെ ഒടുക്കിയില്ല

| | |
|---|---|
| പദ്ധതി നം. | 40/2021-22 |
| പദ്ധതിയുടെ പേര് | കന്നുകുട്ടി പരിപാലന പദ്ധതി – സുഭിക്ഷ കേരളം (വനിത) |
| അടങ്കൽ തുക | ₹312500/- (വികസന ഫണ്ട് – പൊതുവിഭാഗം)<br>₹312500/- (സംസ്ഥാനാവിഷ്കൃത ഫണ്ട് )<br>₹625000/- (ഗുണഭോക്തൃ വിഹിതം) |
| | ₹1250000/- |
| ചെലവഴിച്ച തുക | ₹312500/- |
| ബിൽ നം. | BRN21100252011401067309/തീയതി. 05-02-2022 |

തൻവർഷം വെറ്ററിനറി സർജൻ നടപ്പാക്കിയ പ്രസ്തുത പ്രോജക്ടിലൂടെ 25 ഗുണഭോക്താക്കൾക്കുള്ള തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതമായി ₹3,12,500/- SLBP കട്ടപ്പന പ്രോജക്ട് ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. പ്രോജക്ട് പ്രകാരമുള്ള കാലിത്തീറ്റ വിതരണം ക്ഷീരസംഘം മുഖേന പുരോഗമിച്ച് വരുന്നു. എന്നാൽ 02 ഗുണഭോക്താക്കൾ കിടാരികൾ ചത്തുപോയ കാരണത്താൽ കാലിത്തീറ്റ വാങ്ങുന്നതിൽ മുടക്കം വരുത്തിയിട്ടുള്ളതായി സംഘത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ നിന്ന് വ്യക്തമായിട്ടുണ്ട്. പ്രസ്തുത ഗുണഭോക്താക്കൾക്ക് വേണ്ടി കൈമാറിയതിൽ ശേഷിക്കുന്ന തുകയ്ക്ക് ഇനി വിനിയോഗ സാധ്യതയില്ലാത്തതിനാൽ നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് തിരികെ ഒടുക്കേണ്ടതാണ്.

1-22 ഇ-ടെൻഡർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീ പഞ്ചായത്ത് അക്കൗണ്ടിൽ ലഭിച്ചിട്ടില്ല

അഞ്ച് ലക്ഷം രൂപയിലധികം അടങ്കലുള്ള കരാർ പ്രവൃത്തികൾ ഇ-ടെൻഡർ നടപടി ക്രമങ്ങൾ പാലിച്ചാണ് നടപ്പാക്കേണ്ടതെന്ന് ധനകാര്യ വകുപ്പിന്റെ 30.4.2015-ലെ ജി.ഒ(പി)1288/15 നമ്പർ ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിരുന്നു. ഇതനുസരിച്ച് നടപ്പിലാക്കുന്ന മരാമത്ത് പ്രോജക്ടുകളുടെ ടെണ്ടർ ഫോം വിലയും നിരതദ്രവ്യവും ഓൺലൈൻ പേയ്മെന്റ് സംവിധാനത്തിലൂടെ ജില്ലാപഞ്ചായത്തിലെ മരാമത്ത് വിഭാഗം എക്സിക്യൂട്ടീവ് എൻജിനിയറുടെ അക്കൗണ്ടിലേക്കാണ് ഒടുക്കുന്നത്. ഗ്രാമപഞ്ചായത്ത് 2021-22 സാമ്പത്തിക വർഷം ഇ-ടെൻഡർ നടപടികളിലൂടെ 18 പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ടെങ്കിലും പ്രസ്തുത തുകകൾ (ടെൻഡർ ഫോം വില + ടെൻഡർ വിജയികളായ കരാറുകാരുടെ നിരതദ്രവ്യം) ഗ്രാമപഞ്ചായത്തിന് നാളിതുവരെ കൈമാറി ലഭിച്ചിട്ടില്ല. വിവിധ കരാറുകാർ ഈയിനങ്ങളിൽ ഒടുക്കിയ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | പ്രവൃത്തികളുടെ എണ്ണം | ഫോം വില |
|---|---|---|
| 2021-22 | 18 | 48580 |

ഗ്രാമപഞ്ചായത്തിന് അർഹതപ്പെട്ട പ്രസ്തുത തുകയും മുൻ വർഷങ്ങളിൽ നിക്ഷേപിക്കപ്പെട്ട് ഇപ്പോഴും കൈമാറി കിട്ടിയിട്ടില്ലാത്ത തുകയും ലഭ്യമാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ലാത്ത വ്യക്തികൾക്ക് ആനുകൂല്യം അനുവദിച്ചു - ₹36,327/- നിരാകരിക്കുന്നു

പെരുവന്താനം ഗ്രാമപഞ്ചായത്തിൽ ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണം നടത്തിയ ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി എന്ന പദ്ധതി വഴി പഞ്ചായത്തിന്റെ ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ലാത്തതും മറ്റ് പഞ്ചായത്തിൽ ഉൾപ്പെടുന്നതുമായ രണ്ട് വ്യക്തികൾക്ക് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. ആയത് പ്രസ്തുത ആനുകൂല്യം കൈപ്പറ്റിയവരിൽ നിന്ന് ഈടാക്കുകയോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കുകയോ ചെയ്യേണ്ടതാണ്. വിശദ വിവരം ഈ റിപ്പോർട്ടിന്റെ 1-16 ഖണ്ഡികയിൽ ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഖണ്ഡിക ഈ ഖണ്ഡികയുടെ ഭാഗമായിരിക്കുന്നതാണ്. ഈ റിപ്പോർട്ടിൽ ഖണ്ഡിക 4-10(ബി)യിൽ പ്രസ്തുത നഷ്ടത്തിന് ഉത്തരവാദിയായ ആളുടെ പേര് വിവരം ചേർത്തിട്ടുണ്ട്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | ഓഡിറ്റിനോടൊപ്പം പരിശോധിച്ചു | സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിൽ അനുബന്ധമായി ചേർത്തിട്ടുണ്ട് |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് നല്കിയ തുകകൾ

– ഇല്ല –

### 4-3 നിക്ഷേപ പ്രവൃത്തികൾ

| ക്രമ നം. | പ്രോജക്റ്റ് നം., പേര് | നിർവ്വഹണ ഏജൻസി | കൈമാറിയ തുക (₹) | ബിൽ വിവരങ്ങൾ | വിനിയോഗിച്ച തുക | തുക (₹) |
|---|---|---|---|---|---|---|
| 1 | എസ്.150/2022 പെരുവന്താനം കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | കേരള ജല അതോറിറ്റി, പൊതുജനാരോഗ്യ വിഭാഗം, തൊടുപുഴ | 513900 | ചെക്ക് നം. 61936108/ തീ. 28.03.2022 | ലഭ്യമല്ല | ലഭ്യമല്ല |
| 2 | എസ്.104/2022 പാലൂർവാലി കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | - ടി – | 250000 | വൗച്ചർ 22100653/ തീ.31.03.2022 | ലഭ്യമല്ല | ലഭ്യമല്ല |
| 3 | എസ്.152/2022 ചുഴപ്പ് നെടിയോരം ടോപ്പ് കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | - ടി – | 356400 | വൗച്ചർ 22100653/ തീ.31.03.2022 | ലഭ്യമല്ല | ലഭ്യമല്ല |
| 4 | എസ്.148/2022 ചെങ്കല്ലുംമാവ് കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | - ടി – | 100000 | ബിൽ നം. 2100252014401299233/ തീ.10.03.2022 | ലഭ്യമല്ല | ലഭ്യമല്ല |
| 5 | എസ്.102/2022 ചെങ്കല്ലുംമാവ് കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | - ടി – | 300000 | വൗച്ചർ നം. XVFC/2021-22/P/9/ തീ. 11.03.2022 | ലഭ്യമല്ല | ലഭ്യമല്ല |
| 6 | എസ്.105/2022 ചുഴപ്പ് നെടിയോരം ടോപ്പ് കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | - ടി – | 250000 | വൗച്ചർ നം. 22100648/ തീ.31.03.2022 | ലഭ്യമല്ല | ലഭ്യമല്ല |
| 7 | എസ്.103/2022 മൂഴിയ്ക്കൽ ടോപ്പ് കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | - ടി – | 276500 | വൗച്ചർ 22100647/ തീ.31.03.2022 | ലഭ്യമല്ല | ലഭ്യമല്ല |
| 8 | എസ്.110/2022 വെള്ളാനി സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | KSEB ഇലക്ട്രിക്കൽ സെക്ഷൻ പെരുവന്താനം | 490172 | വൗച്ചർ നം. XVFC/2021-22/P/1/ തീ. 30.09.2021 | ലഭ്യമല്ല | ലഭ്യമല്ല |
| 9 | എസ്.155/2022 കൊയ്ലാട് സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | - ടി – | 297242 | ബിൽ നം. 2100252014401281005/ തീ.09.03.2022 | ലഭ്യമല്ല | ലഭ്യമല്ല |
| 10 | എസ്.107/2022 ചെറുവള്ളിക്കുളം സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | - ടി – | 500000 | വൗച്ചർ നം. 22100660/ തീ.31.03.2022 | ലഭ്യമല്ല | ലഭ്യമല്ല |
| 11 | എസ്.172/2022 MCF വൈദ്യുതീകരണം | - ടി – | 608484 | ബിൽ നം. 2100252014601507795/ തീ.29.03.2022 | ലഭ്യമല്ല | ലഭ്യമല്ല |
| | | ആകെ | 3942698 | | ലഭ്യമല്ല | ലഭ്യമല്ല |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

– ഇല്ല –

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് ലൈഫ് ഭവന പദ്ധതി വായ്പ ഇനത്തിൽ ₹10,80,000/- വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

| വായ്പ യുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | ഉത്തരവ് പ്രകാരം അനുവദിച്ച വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | തൻ വർഷം ലഭിച്ച തുക ₹ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|---|
| | | | | | മുതൽ ₹ | പലിശ ₹ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ.(സാധാ) 688/2019/ ത.സ്വ.ഭ.വ തീ:22.03.2019 | ₹2,20,000x153 ഗുണഭോക്താക്കൾ ₹3,36,60,000/- | 3,18,03,904 | 10,80,000 | 33,00,001 | - | 29583903 |

തൻവർഷം അനുവദിക്കപ്പെട്ട വികസന ഫണ്ടിന്റെ സ്രോതസിൽ നിന്ന് വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം LIFE വായ്പ തിരിച്ചടവ് ഇനത്തിൽ ₹33,00,001/- സ്രോതസിൽ നിന്നും കറവ് ചെയ്തിട്ടുണ്ട്. എന്നാൽ ₹22,20,001/- ഒടുക്കിയതായാണ് വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

## 4-6 സ്ഥിര നിക്ഷേപം

– ഇല്ല –

## 4-7 ഓഡിറ്റ് റിക്കവറി

– ഇല്ല –

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23, വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2009-10 | 3-2 | 2011-12 | 2-4 | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ധനസഹായം | പരാമർശം തുടരുന്നു |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

– ഇല്ല –

ബി) സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

| ക്രമ | വർഷം | ഖ. | ഉത്തര | | സ്വയം | സർചാർജ്ജ് | റവന്യൂ | കോടതി | ആകെ | ഒടുക്ക |
|---|---|---|---|---|---|---|---|---|---|---|

| നം. | | നം | വാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർട്ടിഫിക്കറ്റ് | | ഒടുക്കിയ തുക, രസീത് നം. തീയതി | സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? (ഉണ്ട്/ഇല്ല) | റിക്കവറിയിലൂടെ ഈടാക്കിയ തുക, തീയതി | വ്യവഹാരങ്ങളിൽ | | ലഭ്യമാക്കിയ തുക | വാൻ അവശേഷിക്കുന്ന തുക/ ബാധ്യത |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പർ/ തീയതി | തുക ₹ | | | | ഉൾപ്പെട്ട തുക ₹ | ഈടാക്കിയ തുക ₹ | | |
| 1 | 1997-1998 | 25 | പി. എസ്. സുരേന്ദ്രൻ | എൽ.എഫ്. 14612/സ്പെ. സെൽ/എസ്. സി.2/01 തീ. 16.09.02 | 1010 | അടവാക്കിയില്ല | | - | - | | - | 1010 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | ₹8058865 |
| ഓഡിറ്റ് വർഷത്തെ വരവ് | ₹65703956 |
| ആകെ | ₹73762821 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹66707488 |
| നീക്കിയിരിപ്പ് | ₹7055333 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹36327 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹4370626 |

(ബി) ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 36327 | ശ്രീമതി ഷിംജ ബഷീർ, ഡയറി ഫാം ഇൻസ്ട്രക്ടർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 131858 | ശ്രീ. ബി. വിനോദ്,<br>സെക്രട്ടറി, പെരുവന്താനം ഗ്രാമ പഞ്ചായത്ത് |
| 1-18 | 3942698 | - ടി - |
| 1-19 | 31290 | - ടി - |

| | | |
|---|---|---|
| 1-20 | 264780 | – ടി – |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

– ഇല്ല –

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

– ഇല്ല –

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ഷിംജ ബഷീർ,<br>ഡയറി ഫാം ഇൻസ്ട്രക്ടർ | ഡയറി ഫാം ഇൻസ്ട്രക്ടർ<br>പെരുവന്താനം ഗ്രാമപഞ്ചായത്ത് | റിച്ച് ഗ്രോവ് ഹൗസ്,<br>മുണ്ടക്കയം പി. ഒ.<br>മുണ്ടക്കയം<br>കോട്ടയം ജില്ല |
| ശ്രീ. ബി. വിനോദ്,<br>സെക്രട്ടറി | സെക്രട്ടറി,<br>പെരുവന്താനം ഗ്രാമപഞ്ചായത്ത് | രാജകീ നിലയം,<br>ആനയറ പി. ഒ.<br>തിരുവനന്തപുരം<br>പിൻ – 695029 |

4-11 തീർപ്പാക്കാനാവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | |
|---|---|---|---|
| | | എണ്ണം | നമ്പർ |
| 1997-1998 | എൽ.എഫ്.ഐ-15/238/2015തീ.19.02.2015 | 1 | 25 |
| 1999-2000 | എൽ.എഫ്.ഐ-15/238/2015തീ.19.02.2015 | 1 | 19(1) |
| 2001-2002 | എൽ.എഫ്.ഐ-15/238/2015തീ.19.02.2015 | 2 | 2-4,<br>3-3(സി) |
| 2006-2007 | കെ എസ് എ ഐ ഡി കെ പി-2/1340/(അദാലത്ത്)2022 തീ.14.10.2022 | 1 | 3-4 |
| 2007-2008 | കെ എസ് എ ഐ ഡി കെ പി-2/1340/(അദാലത്ത്)2022 തീ.14.10.2022 | 1 | 3-4 |

| | | | |
|---|---|---|---|
| 2008-2009 | കെ എസ് എ ഐ ഡി കെ പി-2/1340/(അദാലത്ത്)2022 തീ.14.10.2022 | 2 | 3-2<br>3-3 |
| 2009-2010 | കെ എസ് എ ഐ ഡി കെ പി-2/1340/(അദാലത്ത്)2022 തീ.14.10.2022 | 3 | 2-5<br>3-1<br>3-2 |
| 2010-2011<br>&<br>2011-2012 | കെ എസ് എ ഐ ഡി കെ പി-2/1340/(അദാലത്ത്)2022 തീ.14.10.2022 | 5 | 3-5, 3-6, 3-8,<br>3-9, 3-10 |
| 2012-2013 | കെ എസ് എ ഐ ഡി കെ പി-2/1340/(അദാലത്ത്)2022 തീ.14.10.2022 | 6 | 3-3, 3-4, 3-5, 3-8,<br>3-9, 3-10 |
| 2013-2014 | കെ എസ് എ ഐ ഡി കെ പി-2/1340/(അദാലത്ത്)2022 തീ.14.10.2022 | 3 | 2-1,<br>3-5, 3-6 |
| 2014-2015 | കെ.എസ്.എ.ഐ.ഡി.കെ-8/487/18 തീ.02.052018 | 1 | 3-2 |
| 2015-2016 | കെ.എസ്.എ.ഐ.ഡി.കെ-8/1030/17 തീ.31.10.17 | 10 | 1-12, 2-1, 2-2,<br>3-2, 3-3, 3-4,<br>3-5, 3-6,3-9, 3-10 |
| 2016-2017 | കെ.എസ്.എ.ഐ.ഡി.കെ-8/360/17 തീ.22.06.17 | 19 | 2-1 മുതൽ 2-5 വരെ<br>3-1 മുതൽ 3-14 വരെ |
| 2017-18 | കെ.എസ്.എ.ഐ.ഡി.കെ-8/117/2018 തീ.02.03.2019 | 10 | 2-2,3-2,3-4, 3-6<br>മുതൽ 3-12 വരെ |
| 2018-19 | കെ.എസ്.എ.ഐ.ഡി.കെ-8/838/19 തീയതി. 15.10.2019 | 45 | 1-11 മുതൽ 1-32 വരെ<br>3-1, 3-2 |
| 2019-20 | കെ.എസ്.എ.ഐ.ഡി.കെ-8/163/22 തീയതി. 15.03.2022 | 36 | 1-1 മുതൽ 4-11 വരെ |
| 2020-21 | കെ.എസ്.എ.ഐ.ഡി.കെ-8/1052/22 തീയതി. 30.07.2022 | 52 | 1-1 മുതൽ 4-11 വരെ |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ പെരുവന്താനം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ പെരുവന്താനം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്